بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 4

ലക്കം 44

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ഒക്ടോബർ 31/ഹി:ശം:1398 അഖാഅ് 31/ഹി:ഖ: 1441 റബീഉൽ അവ്വൽ 02

## അല്ലാഹുവിന്റെ വചനം

وَمَنۡ یُّرِدۡ ثَوَابَ الدُّنۡیَا نُؤۡتِہٖ مِنۡہَا ۚ

وَمَنۡ یُّرِدۡ ثَوَابَ الۡاٰخِرَۃِ نُؤۡتِہٖ مِنۡہَا ؕ

وَسَنَجۡزِی الشّٰکِرِیۡنَ (آل عمران:146)

'ആർ ഈ ലോകത്തെ പ്രതിഫലം ആഗ്രഹിക്കുന്നുവോ നാം അവന് അതിൽനിന്ന് നല്കുന്നതാണ്; ആർ പരലോകത്തെ പ്രതിഫലം ആഗ്രഹിക്കുന്നുവോ അവന് അതിൽനിന്ന് നാം നല്കുന്നതാണ്. കൃതജ്ഞത കാണിക്കുന്നവർക്ക് നാം പ്രതിഫലം നല്കുകതന്നെ ചെയ്യും.'

(3:146)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സ്വഭാവപരമായ കറാമത്തിൽ(അത്ഭുതപ്രവൃത്തിയിൽ)ഒരുപാട് സ്വാധീനമുണ്ടായിരിക്കും.**
**തത്ത്വ ചിന്തകന്മാർ ദൈവജ്ഞാനത്തിലും യാഥാർഥ്യങ്ങളിലും സംതൃപ്തരാകുകയില്ല.**
**എന്നാൽ, മഹത്തായ സ്വഭാവം അവരിൽ വലുതും ആഴത്തിലുള്ളതുമായ സ്വാധീനം ചെലുത്തുന്നതാണ്.**
**നബി(സ)തിരുമേനിയുടെ ഉൽകൃഷ്ട സ്വഭാവം എങ്ങനെയുള്ളതായിരുന്നുവെന്നാൽ**
**ഇന്നക്ക ലഅലാ ഖുലുഖിൻ അളീം(68:5) എന്ന് വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നു.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

### തെറ്റുധാരണ

മനുഷ്യനെ അന്ധനാക്കി നാശത്തിന്റെ പൊട്ടക്കിണറ്റിൽ തള്ളിയിടുന്ന ഒരു വൃത്തികെട്ട രോഗവും കഷ്ടാനുഭവവുമാണ് തെറ്റായ ധാരണ. തെറ്റുധാരണതന്നെയാണ് മരിച്ചുപോയ ഒരു മനുഷ്യനെ ആരാധിക്കപ്പെടുന്നവനാക്കിത്തീർത്തത്. തെറ്റുധാരണ തന്നെയാണ് അല്ലാഹുവിന്റെ സൃഷ്ടിപ്പ്, കരുണ, അന്നദാതാവ് തുടങ്ങിയ അവന്റെ സവിശേഷ ഗുണങ്ങളെ ഇല്ലായ്മ ചെയ്ത് നഊദുബില്ലാഹ് ഒരു വ്യക്തിയെ നിഷ്കാസിതനും ഒന്നിനും കൊള്ളരുതാത്തവനുമാക്കിത്തീർത്തത്. ചുരുക്കത്തിൽ ഇതേ തെറ്റായ ധാരണ നിമിത്തം നരകത്തിന്റെ വളരെ വലിയൊരു ഭാഗം ഒന്നുകൂടിപ്പറഞ്ഞാൽ മുഴുവൻ ഭാഗവും നിറയ്ക്കപ്പെടുമെന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിയൊന്നുമില്ല. അല്ലാഹുവിൽനിന്ന് നിയമിക്കപ്പെടുന്നവരെ തെറ്റുധരിക്കുന്നവരാണ് അല്ലാഹുവിന്റെ നിഅ്മത്തുകളേയും അവന്റെ കൃപകളേയും നിന്ദാദൃഷ്ടിയോടെ നോക്കിക്കാണുന്നത്. അല്ലാഹു തന്റെ കൈകൊണ്ട് നട്ട ഈ ജമാഅത്തിലെ ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ നമുക്ക് വലിയ വിഷമമുണ്ടാകുന്നു; അഹോ കഷ്ടം! ഒരു ആത്മാവ് നാശത്തിന്റെ കവാടത്തിന്റെ ചങ്ങല പിടിച്ച് മുട്ടി വിളിക്കുന്നു. ഈ ജമാഅത്ത് എത്രമാത്രം പ്രകാശമാനമാണെന്നാൽ, ഏതെങ്കിലും വ്യക്തി സന്നദ്ധമനസ്സോടുകൂടി രണ്ടുമണിക്കൂർ നേരമെങ്കിലും നമ്മുടെ കാര്യങ്ങൾ കേട്ടാൽ അയാൾ സത്യം പ്രാപിക്കുന്നതായിരിക്കും.

### നബി(സ)തിരുമേനിയുടെ ധാർമികമായ ദിവ്യദൃഷ്ടാന്തം

കുറച്ചുകാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഈ പ്രസംഗം അവസാനിപ്പിക്കാമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. കുറച്ചു നേരം ദിവ്യദൃഷ്ടാന്തങ്ങളിലേക്ക് മടങ്ങിക്കൊണ്ടു ഞാൻ പറയട്ടെ, ശഖ്ഖുൽ ഖമർ (ചന്ദ്രൻ പിളർന്ന സംഭവം)തുടങ്ങിയവയുടെ ഒരു അമാനുഷികത വൈജ്ഞാനിക വർണമുള്ളതാണ്; രണ്ടാമത്തേത് യാഥാർഥ്യങ്ങളുടേതും ദൈവജ്ഞാനങ്ങളുടേതും. ദിവ്യദൃഷ്ടാന്തത്തിന്റെ മൂന്നാമത്തെ വിഭാഗം സ്വഭാവപരമായ(ധാർമികമായ)താണ്. സ്വഭാവപരമായ കറാമത്തിൽ(അത്ഭുതപ്രവൃത്തിയിൽ) ഒരുപാട് സ്വാധീനമുണ്ടായിരിക്കും. തത്ത്വചിന്തകന്മാർ ദൈവജ്ഞാനത്തിലും യാഥാർഥ്യങ്ങളിലും സംതൃപ്തരാകുകയില്ല. എന്നാൽ, മഹത്തായ സ്വഭാവം അവരിൽ വലുതും ആഴത്തിലുള്ളതുമായ സ്വാധീനം ചെലുത്തുന്നതാണ്. സയ്യിദുൽമുർസലീന്റെ(സ) സ്വഭാവപരമായ ദിവ്യദൃഷ്ടാന്തങ്ങളിലൊന്ന് ഇതുമാണ്. ഒരിക്കൽ അവിടന്ന് ഒരു മരത്തിന്റെ കീഴെ ഉറങ്ങുകയായിരുന്നു. പെട്ടെന്നൊരു ബഹളം കേട്ടുണർന്നു. കാട്ടുവാസിയായ ഒരു അറബി നബി(സ)തിരുമേനിയെ ആക്രമിക്കാൻ നില്ക്കുന്നു. കൈയിൽ വാളുണ്ട്. അയാൾ ചോദിച്ചു: മുഹമ്മദേ! ഈ നേരത്ത് എന്റെ കൈയിൽനിന്ന് നിന്നെ രക്ഷിക്കാൻ ആരാണുള്ളത്? അവിടന്ന് വളരെ ശാന്തമായും സത്യസന്ധമായ സമാധാനത്തോടും കൂടി പറഞ്ഞു: അല്ലാഹ്! നബി(സ)തിരുമേനി ഇങ്ങനെ പറഞ്ഞത് സാധാരണ മനുഷ്യൻ പറയുന്നതുപോലെ ആയിരുന്നില്ല. 'അല്ലാഹ്' അത് അല്ലാഹുവിന്റെ വ്യക്തിഗതമായ ഒരു നാമമാണ്. അത് എല്ലാ സവിശേഷ ഗുണങ്ങളും അടങ്ങിയതാണ്. എങ്ങനെയാണ് അവിടത്തെ വായിൽനിന്ന് അത് പുറപ്പെട്ടതെന്നാൽ, ഹൃദയത്തിൽനിന്ന് പുറപ്പെട്ട് ഹൃദയത്തിൽച്ചെന്ന് തറച്ചു. അവിടന്ന് പറയുന്നു: 'ഇസ്മുൽഅഅ്ളം' ഏറ്റവും വലിയ നാമം ഇതുതന്നെയാണ്. ഇതിൽ വലിയ വലിയ അനുഗ്രഹങ്ങളുണ്ട്. പക്ഷേ, ഈ അല്ലാഹുവിനെ കുറിച്ച് ഓർമതന്നെ ഇല്ലാത്തവൻ അവനിൽനിന്ന് എന്തു ഫലമെടുക്കാനാണ്? ചുരുക്കിപ്പറഞ്ഞാൽ അല്ലാഹു എന്ന പദം ഏതുരീതിയിൽ അവിടത്തെ വായിൽനിന്ന് പുറപ്പെട്ടുവെന്നാൽ അയാളിൽ ആദരയുക്തമായ ഭയം അതുണ്ടാക്കി. കൈ വിറച്ചു. വാൾ താഴെ വീണു. നബി(സ)തിരുമേനി അതേ വാൾ കൈയിലെടുത്തുകൊണ്ട് ചോദിച്ചു: 'ഇനി നീ പറയുക, എന്റെ കൈയിൽനിന്ന് നിന്നെ രക്ഷിക്കാൻ ആരുണ്ട്?' ആ ദുർബലഹൃദയനായ കാട്ടുമനുഷ്യൻ ആരുടെ പേരു പറയാനാണ്? അവസാനം നബി(സ)തിരുമേനി തന്റെ ഉൽകൃഷ്ട സ്വഭാവങ്ങളുടെ മാതൃക കാണിച്ചുകൊണ്ട് പറഞ്ഞു: 'പോകൂ! നിന്നെ വെറുതെ വിട്ടിരിക്കുന്നു. എന്നിൽനിന്ന് മനുഷ്യത്വവും ധീരതയും പഠിച്ചുകൊള്ളുക.' ഈ ധാർമികമായ ദിവ്യദൃഷ്ടാന്തം അയാളെ എത്രമാത്രം സ്വാധീനിച്ചുവെന്നാൽ, അയാൾ മുസ്ലിമായി.

(ശേഷം പേജ് 10ൽ)

## ഖാദിയാൻ ജൽസസാലാനയെ സംബന്ധിച്ചുള്ള അടിയന്തര വിളംബരം

2019 ഡിസംബറിൽ നടക്കാൻ പോകുന്ന ഖാദിയാൻ ജൽസസാലാനയെ സംബന്ധിച്ച് ബദ്ർ പത്രത്തിൽ 'ഇത് 125-ാമത് ജൽസ'യാണെന്ന് വിളംബരം വന്നുകൊണ്ടിരുന്നു. ഈ ചരിത്രപരമായ ജൽസ പരിഗണിച്ച് ഹുദൂർ അയ്യദഹുല്ലാഹ് ചില പ്രത്യേക പരിപാടികൾക്ക് സമ്മതവും തന്നിരുന്നു. ഇതിന്റെ വിവരം സർക്കുലർ മുഖേന ജമാഅത്തുകളെ അറിയിക്കുകയും ചെയ്തിരുന്നു. ഇതിന്നിടയിൽ 'ഖാദിയാൻ അഹ്മദിയ്യ ചരിത്രവിഭാഗ'ത്തിന്റെ അന്വേഷണത്തിന്റെ വെളിച്ചത്തിൽ '2019-ൽ നടക്കാൻ പോകുന്ന ജൽസ 125-ാമത് ജൽസ അല്ല, 126-ാമത് ജൽസയാണെന്ന് വിവരം ഹുദൂറിനെ അറിയിക്കുകയുണ്ടായി. ഹുദൂർ അയ്യദഹുല്ലാഹ് അതിന് സമ്മതം നല്കുകയും പ്രോഗ്രാം തുടർന്നുകൊണ്ടുപോകാൻ നിർദേശിക്കുകയും ചെയ്തിരിക്കുന്നു. ബദ്ർ വായനക്കാർ ഇക്കാര്യം ശ്രദ്ധിക്കുക **(ഖാഇം മഖാം നാളിർ ഇസ്ലാഹ് വ ഇർശാദ്, മർക്കസിയ്യ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

(തുടർച്ച......) ഒരു അതിഥി അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹ് പറഞ്ഞു. തുടർന്നു അദ്ദേഹം പറഞ്ഞു: എല്ലാ മുസ്‌ലിം കമ്മ്യൂണിറ്റിക്കുവേണ്ടിയും ഞാൻ ഹുദൂറിനെ സ്വാഗതം ചെയ്യുന്നു. എനിക്ക് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തുമായി അഗാധബന്ധമാണുള്ളത്. ഇക്കാരണത്താലാണ് ഞാനിവിടെ വന്നിരിക്കുന്നതും. നിങ്ങളുടെ മോട്ടോ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' വളരെ ഗംഭീരമാണ്. നമ്മൾ കഴിഞ്ഞുകൊണ്ടിരിക്കുന്ന ഇക്കാലത്ത് അതുകൊണ്ട് ഒരു വ്യത്യാസവും വരികയില്ല; അഹ്‌ലുസുന്നത്ത് വൽജമാഅത്തുമായി ബന്ധം വെക്കുന്നവരാണെങ്കിലും അഹ്മദിയാണെങ്കിലും ശിയാ ആണെങ്കിലും ശരി. നമ്മൾ മുസ്‌ലിമീങ്ങളെല്ലാം ഒന്നാണ്. ഈ അതിഥി പാർസികളെ സഹായിക്കുന്നതു സംബന്ധിച്ച് തന്റെ പ്രവർത്തനങ്ങളെക്കുറിച്ചും പറഞ്ഞു. ഞാൻ അവരെ സഹായിച്ചത് സാമൂഹികമായ ഐക്യത്തിനുവേണ്ടിയാണ്; കാരണം അവരുടെമേൽ അക്രമം നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഇവിടെ നമ്മളെല്ലാവരും ഒന്നിക്കേണ്ട ആവശ്യമുണ്ട്.

ഹുദൂർ: 'ഇവിടെ മാത്രമല്ല പ്രത്യുത മുഴുലോകത്തും ഈ ഐക്യത്തിന്റെ ആവശ്യമുണ്ട്. മുസ്‌ലിമായതുകൊണ്ട് നമ്മളെല്ലാവരും ഒന്നാകേണ്ടതുണ്ട്. നമ്മളെല്ലാവരും ഒരേയൊരു റഹ്മാനായ അല്ലാഹുവിലാണ് വിശ്വസിക്കുന്നത്. നമ്മുടെ റസൂലും കിതാബും ഒന്നാണ്. വിശുദ്ധഖുർആൻ മറ്റു മതങ്ങളെക്കുറിച്ച് പറയുന്നു: ഗ്രന്ഥാനുസാരികളോടു പറയുക. ഞങ്ങൾക്കും നിങ്ങൾക്കും ഇടയിൽ തുല്യസമ്മതമായ ഒരു കാര്യത്തിലേക്ക് വരിക. നമ്മളെല്ലാവരും ഏക ദൈവത്തിൽ വിശ്വസിക്കുന്നവരാണ്. ഈ കൂട്ടായ്മയുടെ പോയന്റ് മനസ്സിലാക്കുകയാണെങ്കിൽ ഒരുതരത്തിലുള്ള വിഭാഗീയതയും വെറുപ്പും വിവേചനവും ഉണ്ടാകുകയില്ല. നമ്മളെല്ലാം കൂടിച്ചേർന്ന് സമാധാനത്തോടെ ജീവിക്കുക. പരസ്പരം കൂടിച്ചേർന്ന് വരുംതലമുറയുടെ ഗുണത്തിനുവേണ്ടി പണിയെടുക്കുക. നമ്മൾ നമ്മുടെ ജോലി ചെയ്തുകഴിഞ്ഞു. ഇനി നമ്മൾ നോക്കേണ്ടത് നമ്മുടെ തലമുറയ്ക്കുവേണ്ടി എന്തു ചെയ്യാൻ കഴിയുമെന്നാണ്; അവർ നല്ല രീതിയിൽ ഓർമിച്ച് നമ്മെ ജീവനോടെ നിലനിറുത്തുന്നതിനുവേണ്ടിയും തങ്ങളെ നാശത്തിലെത്തിച്ച ആളുകളായിരുന്നു അവരെന്ന് നമ്മെ കുറിച്ച് പറയാതാരിക്കാൻ വേണ്ടിയും.

ഒരു അതിഥി പറഞ്ഞു: ഹുദൂർ! ചില മറ്റു കാര്യങ്ങളെക്കുറിച്ച് പറയാനാണ് ഞാനാഗ്രഹിക്കുന്നത്. അത് കുടുംബപരമായ അക്രമങ്ങളുടെയും സ്മഗ്ലിങ്ങിന്റേയും പ്രശ്നങ്ങളാണ്. കഴിഞ്ഞ ദിവസം ഞാൻ അത്തരം രണ്ടുപേരുമായി സംസാരിക്കുകയായിരുന്നു. അവർ ഒരു ദീർഘകാലമായി ഈ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അവർ പറഞ്ഞതിൽ എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത്; അവരിരുവരും പറയുന്നു, ഇത്ര കഠിനമായ പ്രതിസന്ധിയിലും അവർക്ക് പ്രതീക്ഷ നല്കിയത് അല്ലാഹുവിലുള്ള തഖ്‌വയാണ് എന്നായിരുന്നു. അവർ ഇതേ ഈമാനിൽ ജീവിക്കുകയും അവസ്ഥകൾ മാറുമെന്ന പ്രതീക്ഷയിൽ കഴിയുകയുമാണ്.

ഒരു അതിഥി പറഞ്ഞു: എജ്യുക്കേറ്റർ എന്ന നിലയിൽ ഞാൻ മനസ്സിലാക്കുന്നത് നമ്മുടെ കുട്ടികൾ നല്ല വിദ്യാഭ്യാസം നേടണമെന്നാണ്. പതിനൊന്ന് വയസ്സുമുതൽ 18 വയസ്സുവരെ കുട്ടികളുടെമേൽ പ്രത്യേക ശ്രദ്ധയുണ്ടായിരിക്കേണ്ടതാണ്. നമ്മൾ അവർക്ക് വിശ്വാസം നല്കണം. ഈ മേശയ്ക്കു ചുറ്റും ആളുകൾ ഇരിക്കുന്നതുപോലെ നമ്മൾ അവരെ റോൾമോഡലാക്കേണ്ടതാണ്. ഇത് ചെയ്യുന്നതിൽ നമ്മൾ വിജയിച്ചാൽ ഞാൻ മനസ്സിലാക്കുന്നത് ബാൾട്ടിമോർതന്നെ മാറുമെന്നാണ്. മേയർ ഇവിടെ ചെയ്തിരിക്കുന്ന ജോലി അത് വളരെ പ്രോത്സാഹനാജനകമാണ്. നമ്മൾ യുവാക്കളേയും ശ്രദ്ധിക്കേണ്ടതാണ്. അവരെ തിരിച്ചുകൊണ്ടുവരണം. യുവാക്കളുടെ നല്ല ശിക്ഷണം ഒരുപാട് പ്രശ്നങ്ങൾക്കുള്ള പരിഹാരമാണ്.

പരിപാടിയുടെ അവസാനം ബാൾട്ടിമോറിലെ മേയർ ഹുദൂറിന്റെ സന്നിധിയിൽ ഒരു ഉപഹാരം സമർപിച്ചു. അദ്ദേഹം പറഞ്ഞു: 'ഇത് ബാൾട്ടിമോറിലെ പൊതുജനങ്ങളുടെ വകയായി അങ്ങയ്ക്കുള്ള സ്മാരകമാണ്. അങ്ങ് വന്നതിനും സമാധാന സന്ദേശം നല്കിയതിനും നന്ദി.'

പിന്നീട് മേയറും ഹുദൂറിൽനിന്ന് ഉപഹാരം സ്വീകരിക്കാൻ ഭാഗ്യം കരസ്ഥമാക്കി. ഈ പരിപാടിയ്ക്കുശേഷം മേയർക്ക് ഭവനരഹിതർക്കുവേണ്ടി സംഘടിപ്പിക്കുന്ന ഒരു പരിപാടിയിലും പങ്കെടുക്കണമായിരുന്നു. ഇതുസംബന്ധമായി ഹുദൂർ ചോദിച്ചു. ഭവനരഹിതർക്കുവേണ്ടി നിങ്ങൾ ബജറ്റിന്റെ എത്ര ശതമാനമാണ് നീക്കിവെച്ചിട്ടുള്ളത്? മേയർ പറഞ്ഞു: ഭവനരഹിതർക്കും മറ്റു സോഷ്യൽ ജോലിക്കാർക്കും വേണ്ടി 20 മുതൽ 25 ശതമാനംവരെ ബജറ്റാണ് നീക്കിവെച്ചിരിക്കുന്നത്. ഈ ചൂടുകാലത്ത് ഞങ്ങൾ ഒമ്പതിനായിരം യുവാക്കൾക്ക് ജോലി ലഭ്യമാക്കി.

കൂടിക്കാഴ്ചയുടെ ഈ പരിപാടി 6.40 വരെ നീണ്ടുനിന്നു. അതിനുശേഷം പരിപാടിയനുസരിച്ച് ഹുദൂർ പരിപാടിയിൽ പങ്കെടുക്കാൻ ഹാളിൽവന്നു.

## ബയ്ത്തുസ്സമദ് മസ്ജിദിന്റെ ഉദ്ഘാടന പരിപാടി

വിശുദ്ധഖുർആൻ പാരായണത്തോടെയാണ് പരിപാടി ആരംഭിച്ചത്. അമേരിക്കയിലെ മുബല്ലിഗ് സൽമാൻ ത്വാരിഖ് സാഹിബാണ് അത് നിർവഹിച്ചത്. അതിന്റെ ഇംഗ്ലീഷ് പരിഭാഷയും കേൾപ്പിച്ചു. അംജദ് ഖാൻ സാഹിബ് സ്വാഗത ഭാഷണം നടത്തി. പങ്കെടുത്ത എല്ലാവർക്കും സ്വാഗതം പറഞ്ഞു.

☆ അതിനുശേഷം സെനറ്റർ ബെൻ കാർഡിൻ (Ben Cardin) തന്റെ പ്രസംഗത്തിൽ പറഞ്ഞു: ആദരണീയനായ ഖലീഫത്തുൽ മസീഹിനെ ഞങ്ങൾ ബാൾട്ടിമോറിൽ സ്വാഗതം ചെയ്യുന്നു. അങ്ങ് ഇവിടെവന്ന് ഞങ്ങൾക്കു ബഹുമതി നല്കി. ഞങ്ങൾ അങ്ങയുടെ നേതൃത്വത്തിൽ ആകർഷണീയരാണ്. മെരിലാൻഡിലേയും ബാൾട്ടിമോറിലേയും അങ്ങയുടെ ജമാഅത്ത് അമേരിക്കയെ കൂടുതൽ സമാധാനനിർഭരമാക്കാൻ നിമിത്തമാണ്. അങ്ങയുടെ നേതൃത്വം അന്താരാഷ്ട്രതലത്തിലുള്ളതാണ്. ഇന്ന് സമാധാനത്തിന്റെ ആവശ്യമുള്ളതുപോലെ ഇതിനു മുമ്പേ ഒരിക്കലും ഉണ്ടായിട്ടില്ല. ബാൾട്ടിമോറിൽ സമാധാനം സംസ്ഥാപനത്തിന് ഇതിനേക്കാൾ നല്ല നിലയിൽ ഞങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയുമെന്ന് അങ്ങ് ഞങ്ങളോടു പറഞ്ഞു. ഞാൻ ബാൾട്ടിമോറിലേയും മെരിലാന്റിലേയും ആളുകളുടെ സെനറ്റിൽ പ്രതിനിധാനം ചെയ്യുന്നുവെന്നതിൽ എനിക്ക് അഭിമാനമുണ്ട്. അങ്ങയെ ഈ മഹത്തായ നഗരത്തിൽ സ്വാഗതം ചെയ്യാൻ കിട്ടിയത് എനിക്ക് ബഹുമതിയാണ്. അങ്ങ് അങ്ങയുടെ അന്തർദേശീയ തിരക്കുകൾക്കിടയിലും സമയമെടുത്ത് ഇവിടെവന്ന് സമാധാനത്തിന്റേയും മനുഷ്യത്വത്തിന്റെയും പ്രതീക്ഷയുടെ സന്ദേശം കൊണ്ടുവന്നതിന് ഞങ്ങൾ നന്ദിയുള്ളവരാണ്. അല്ലാഹു അങ്ങയുടെമേൽ കൃപചൊരിയുമാറാകട്ടെ. ആമീൻ.

☆ അതിനുശേഷം മെരിലാന്റിന്റെ 71–ാമത് സെക്രട്ടറി ഓഫ് സ്റ്റേറ്റ് ജോൺ റോബിൻ സ്മിത്ത് (John Robin Smith) പ്രസംഗത്തിൽ പറഞ്ഞു: ആദരണീയരായ ഖലീഫത്തുൽ മസീഹ്, സഹോദരി സഹോദരന്മാരേ! നിങ്ങൾക്ക് വളരെയധികം നന്ദി. ഗവർണറും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥരും അങ്ങ് ഇവിടെ വന്നതിൽ സന്തോഷിക്കുന്നവരാണ്. വളരെ നന്ദി. നിങ്ങൾ ഇവിടെ എന്നെ ക്ഷണിച്ചു. ഇത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് യു.എസ്.എയുടെ ഹെഡ്കോർട്ടർ ആയതിൽ മെരിലാന്റ് സ്റ്റേറ്റിന് അഭിമാനമുണ്ട്. ഇവിടെ ബാൾട്ടിമോറിൽ മസ്ജിദിന്റെ ഉദ്ഘാടനം തീർച്ചയായും ഒരു ഐതിഹാസികമായ അവസ്ഥയായിരിക്കും. മെരിലാന്റ് വിവിധതരക്കാർ താമസിക്കുന്ന സംസ്ഥാനമാണ്. ഈ തരംതിരിവ് ഓരോ വിഭാഗത്തിലുമുണ്ട്.

ഖലീഫത്തുൽ മസീഹിന്റെ യാത്രയുടെ പ്രോഗ്രാം അങ്ങേയറ്റം തിരക്കുപിടിച്ചതാണ്. അവിടന്ന് വളരെ പ്രധാനപ്പെട്ട സന്ദേശവുമായി വന്നിരിക്കുന്നു; അത് മാനുഷികമൂല്യങ്ങളെ മനസ്സിലാക്കി മനുഷ്യകുലത്തെ സേവിക്കുക എന്നതാണ്. സമാധാന സംസ്ഥാപനമാണ്. ഇത് നമ്മുടെ ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കാൻ ഉപകരിക്കുന്നതായിരിക്കും. ഈ സന്ദേശം നമ്മൾ മുസ്‌ലിമീങ്ങൾക്കെല്ലാവർക്കും അമുസ്‌ലിമീങ്ങൾക്കും സ്വീകരിക്കാവുന്നതാണ്. എനിക്ക് രാജ്യത്തും രാജ്യത്തിന്റെ പുറത്തും ധാരാളമാളുകളെ കാണാൻ സാധിച്ചിട്ടുണ്ട്. ഒരുപാട് സംസ്കാരങ്ങൾ നേരിട്ട് കാണാൻ അവസരം കിട്ടിയിട്ടുണ്ട്. അതിൽനിന്ന് ഒരുപാട് പഠിക്കാനും എനിക്ക് അവസരം കിട്ടിയിട്ടുണ്ട്. ഇവിടെ ബാൾട്ടിമോറിൽ ധാരാളം ഇന്റർനാഷണൽ

(ശേഷം പേജ് 10ൽ)

| | |
|---|---|
| 'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.' (ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565) | അമീറുൽ മുഅ്മിനീന്റെ ഉപദേശം:- |

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

| | |
|---|---|
| "വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്." (ജുമുഅ ഖുത്ബ 25-7-2014) | അമീറുൽ മുഅ്മിനീന്റെ ഉപദേശം:- |

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

## ഖുത്ബ ജുമുഅ

വിശ്വാസത്തിലും ദൃഢജ്ഞാനത്തിലുമുള്ള അഭിവൃദ്ധിയാണ് ജൽസയുടെ ലക്ഷ്യം

നമ്മുടെ ബയ്അത്തിന്റെ ഉദ്ദേശ്യമെന്താണെന്ന് ആവർത്തിച്ചാവർത്തിച്ച് ഓർമപ്പെടുത്തിക്കൊണ്ടിരിക്കുന്നതിനാണ് ഈ ജൽസകൾ സംഘടിപ്പിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത ബയ്അത്തിന്റെ കടമ നിറവേറ്റണമെങ്കിൽ അല്ലാഹുവിനോടുള്ള ആരാധനയുടെ കടമ നിറവേറ്റേണ്ടിവരും. ഈമാനും യഖീനും മഅ്രിഫത്തും വർധിക്കുമ്പോഴാണ് അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിലും വർധന ഉണ്ടാകുന്നത്.

'സന്തോഷാവസ്ഥയുടെ തത്ത്വം തഖ്‌വാ അഥവാ ഈശ്വരഭക്തിയാണ്.'

എപ്പോഴും ഓർക്കുക! അംഗസംഖ്യയിലുള്ള വർധനയും മിഷൻഹൗസുകളും സെന്ററുകളും നിർമിക്കുന്നതും മസ്ജിദ് നിർമിക്കുന്നതും ഫലം ചെയ്യുന്നത് അവയുടെ ഉദ്ദേശ്യങ്ങൾ പൂർത്തീകരിക്കുമ്പോഴാണ്.

പാക്കിസ്താനിൽ ഉണ്ടായിരുന്ന നിയന്ത്രണങ്ങളിൽനിന്ന് മുക്തരായി ഇവിടെ വന്ന് ജീവിച്ചുകൊണ്ടിരിക്കുന്ന എല്ലാ അഹ്മദികളും പ്രത്യേകിച്ചും ഇക്കാരണത്താൽ മുമ്പത്തെക്കാളുപരി അല്ലാഹുവിന് നന്ദികാണിക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത ബയ്അത്തിന്റെ കടമകൾ നിറവേറ്റാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. തങ്ങളുടെ ആത്മീയവും വൈജ്ഞാനികവും ധാർമികവുമായ അവസ്ഥയെ മെച്ചപ്പെടുത്താനും ശ്രമിക്കേണ്ടതാണ്.

യഥാർഥമായ സ്നേഹമുണ്ടാകുമ്പോഴാണ് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും എല്ലാ കാര്യങ്ങളേയും നമ്മുടെ ഓരോ കാര്യങ്ങളുടേയും വഴികാട്ടിയാക്കാൻ കഴിയുന്നത്.

ദുൻയാവിനോടുള്ള സ്നേഹം തികച്ചും പുറത്തുപോകുകയും അല്ലാഹുവിനോടും റസൂലിനോടുമുള്ള സ്നേഹം അതിജയിക്കുകയും ചെയ്യുക എന്നത് നിസാരകാര്യമല്ല. അതിനു വലിയ കഠിനാധ്വാനത്തിന്റെ ആവശ്യമുണ്ട്.

ജൽസയുടെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കുകയും അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിൽ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള കടമകൾ നിറവേറ്റിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചെയ്തിട്ടുള്ള ബയ്അത്തിന്റെ തേട്ടം പൂർത്തിയാക്കാൻ ഉപദേശം

### 39-ാമത് ജൽസ സാലാന ഹോളണ്ടിന്റെ ഉൽഘാടനം

**ഖുത്ബ ജുമുഅ 2019 സെപ്റ്റംബർ 27/1398 തബൂക് 27**
**ജൽസാഗാഹ് അഹ്മദിയ്യാ ജമാഅത്ത് ഹോളണ്ട്, Nunspeet(Holland)**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ
غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹോളണ്ട് അഹ്മദിയ്യ ജമാഅത്തിന്റെ ജൽസ സാലാന ആരംഭിക്കുകയാണ്. കുറെ വർഷങ്ങൾക്കുശേഷം എനിക്കും അല്ലാഹു നിങ്ങളുടെ ജൽസയിൽ പങ്കെടുക്കാനുള്ള തൗഫീഖ് നല്കിയിരിക്കുന്നു. കഴിഞ്ഞ കുറെ വർഷമായി അമീർ സാഹിബ് ജൽസയിൽ വരാൻ പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ, ജമാഅത്തുപരമായ മറ്റു തിരക്കുകളാൽ ആഗ്രഹമുണ്ടായിരുന്നിട്ടും വരാൻ കഴിഞ്ഞില്ല. എന്തായലും ഇന്ന് ഈ ജൽസയിൽ പങ്കെടുക്കാൻ സാധിച്ചത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ഹോളണ്ടിലെ ജമാഅത്തുകളിൽ അംഗസംഖ്യാ വർധന ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. മൂന്നിലൊന്ന് വർധന തീർച്ചയായും ഉണ്ടായിട്ടുണ്ട്. ഒരുപാടാളുകൾ പാകിസ്താനിൽ നിന്ന് ഹിജ്റത്ത് ചെയ്ത് ഇവിടെ വരികയും കുറച്ച് പുതിയ ആളുകൾ ജമാഅത്തിൽ അംഗമാകുകയും ചെയ്തിട്ടുണ്ട്. ലോകത്തിലെ മറ്റ് രാജ്യങ്ങളെപ്പോലെ തന്നെ ഹോളണ്ടിലെ ജമാഅത്തും തങ്ങളുടെ കഴിവനുസരിച്ച് പുരോഗതി നേടിക്കൊണ്ടിരിക്കുന്നു. ലിറ്ററേച്ചർ തുടങ്ങിയവയുടെ പ്രസിദ്ധീകരണവും ഇപ്പോൾ ഇവിടെ നല്ല നിലയിൽ നടന്നു വരുന്നു. പുതിയ സെന്ററും ഒരു മസ്ജിദും ജമാഅത്തിന് കിട്ടിയിരിക്കുന്നു. ഇപ്പോൾ ഞാൻ കണ്ടിട്ടില്ല. പക്ഷേ, ജനങ്ങളിൽനിന്ന് അൽമെറ(Almere)യിലെ മസ്ജിദിന്റെ മനോഹാരിതയുടെ-നിങ്ങൾ വളരെ നല്ല മസ്ജിദ് നിർമിച്ചിരിക്കുന്നുവെന്ന പ്രശംസ കേട്ടു. ഇൻശാ അല്ലാഹ് അടുത്തയാഴ്ച അതിന്റെ ഔപചാരികമായ ഉൽഘാടനം നടക്കുന്നതായിരിക്കും. അവിടെ എന്തായാലും നമസ്കാരം നടന്നുവരുന്നുണ്ടായിരിക്കണം; നമസ്കരിക്കുന്നുണ്ട്. പക്ഷേ, അംഗസംഖ്യയിലുള്ള വർധനയും മിഷൻ ഹൗസുകളും സെന്ററുകളും നിർമിക്കുന്നതും മസ്ജിദ് നിർമിക്കുന്നതും ഫലം ചെയ്യുന്നത് അവയുടെ ഉദ്ദേശ്യങ്ങൾ പൂർത്തീകരിക്കുമ്പോഴാണെന്ന് എപ്പോഴും ഓർക്കുക. അതുകൊണ്ട് ഇവിടെ വസിക്കുന്ന എല്ലാ അഹ്മദികളും ഒരാത്മപരിശോധന നടത്തേണ്ടത് അത്യാവശ്യമാണ്. അതായത് നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നതിനുശേഷം പൂർത്തീകരിക്കേണ്ട ഉദ്ദേശ്യങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിക്കുകയും അന്വേഷിക്കുകയും ചെയ്യേണ്ടത് നിർബന്ധമാകുന്നു.

ഞാൻ മുമ്പേ പറഞ്ഞതുപോലെ, വളരെ അധികം അഹ്മദികൾ ഹിജ്റത്ത് ചെയ്ത് ഇവിടെ എത്തിയിരിക്കുന്നു. ഇവിടെ ജമാഅത്തിന്റെ അംസംഖ്യയിലും വർധന ഉണ്ടായിരിക്കുന്നു. ഇവർ ഹിജ്റത്ത് ചെയ്ത് വന്നതെന്തിനാണ്? നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ചും കല്പന പാലിച്ചും കാലത്തിന്റെ ഇമാമിനെ വിശ്വസിച്ച കാരണത്താൽ പ്രധാനമായും പാകിസ്താനിലെ അഹ്മദികൾക്ക് മതപരമായ സ്വാതന്ത്ര്യമില്ലാതാകുകയും അഹ്മദികളെ മതത്തിന്റെ പേരിൽ പ്രയാസത്തിൽ അകപ്പെടുത്തുകയും അവരുടെ അവകാശങ്ങൾ ധ്വംസിക്കുകയും ചെയ്യുന്നു. നമ്മൾ നബി(സ)തിരുമേനിയുടെ സത്യസന്ധനായ പ്രേമിയെ വിശ്വസിച്ചുവെന്നകാരണത്താൽ അല്ലാഹുവിന്റെ പേര് പറയുന്നതിൽനിന്നും അവനെ ആരാധിക്കുന്നതിൽനിന്നും നമ്മളെ തടയുന്നു.

മസ്ജിദുകൾ നിർമിക്കുന്ന കാര്യം ഒരു ഭാഗത്ത്, ജനങ്ങളുടെ ശിക്ഷണത്തിന് ജൽസയോ ഇജ്തിമായോ പോലും സംഘടിപ്പിക്കുന്നതിൽനിന്ന് നമ്മൾ തടയപ്പെട്ടിരിക്കുകയാണ്. എന്നല്ല ഭവനങ്ങളിൽപോലും നിയമമനുസരിച്ച് നമസ്കരിക്കുവാൻ നമുക്ക് സാധിക്കുകയില്ല.

അതുപോലെ ബലിപെരുന്നാൾ ദിവസം മൃഗങ്ങളെ ബലി നല്കാനും കഴിയില്ല. നിയമം അതിനൊന്നും അനുവാദം നല്കുന്നില്ല. അങ്ങനെ ചെയ്താൽ നമ്മുടെ പേരിൽ കേസുണ്ടാകുന്നു. കാരണം നാമമാത്ര ഉലമാക്കളുടേയും അവരുടെ ശിങ്കിടികളുടേയും വികാരം വ്രണപ്പെടുന്നുവത്രെ! അത്തരം പരിതഃസ്ഥിതിയിൽ ധാരാളം അഹ്മദികൾ പാക്കിസ്താനിൽനിന്ന് ഹിജ്റത്ത് ചെയത് മതസ്വാതന്ത്ര്യമുള്ള മറ്റു രാജ്യങ്ങളിൽ പോകുന്നു, ഹിജ്റത്ത് ചെയ്യുന്നു.

നിങ്ങളിൽനിന്ന് ഹിജ്റത്ത് ചെയ്ത് വന്നവർക്ക് ഇവിടെ മതസ്വാതന്ത്ര്യമുണ്ട്. സാമ്പത്തികപരമായും ഉപജീവനപരമായും തങ്ങളുടെ നില മെച്ചപ്പെടുത്തുന്നതിനുള്ള അവസരങ്ങളും കിട്ടിയിരിക്കുന്നു. അതുകൊണ്ട് പാക്കിസ്താനിലെ ആ നിയന്ത്രണങ്ങളിൽനിന്ന് സ്വതന്ത്രരായി ഇവിടെ വന്ന് ജീവിക്കുന്നവർ പ്രത്യേകമായ നിലയിൽ ഇക്കാരണത്താൽ മുമ്പത്തേതിനെക്കാളുപരി അല്ലാഹുവിനോട് നന്ദി പറയേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത ബയ്അത്തിന്റെ കടമ പൂർത്തീകരിക്കാൻ കഴിവനുസരിച്ച് പരിശ്രമിക്കേണ്ടതുമാണ്. സ്വന്തം ആത്മീയജ്ഞാനവും ധാർമിക അവസ്ഥയും മെച്ചപ്പെടുത്തുന്നതിന് പരിശ്രമിക്കേണ്ടതുമാണ്. നമുക്ക് നമ്മുടെ മതമനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിന് തടസമാകുന്ന ഒരു നിയന്ത്രണവും ഇവിടെയില്ലെന്നും നമ്മൾ സ്വതന്ത്രരാണെന്നുമുള്ള കാര്യത്തിൽമാത്രം സന്തോഷിക്കരുത്. നമ്മുടെ കർമങ്ങൾ അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ചല്ലെങ്കിൽ, മുമ്പത്തെക്കാളുപരി നമ്മൾ പരിശുദ്ധ മാറ്റങ്ങൾ ഉണ്ടാക്കുന്നില്ലെങ്കിൽ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം മുമ്പത്തേതിനെക്കാൾ കൂടുതൽ നമ്മൾ പ്രകടിപ്പിക്കുന്നില്ലെങ്കിൽ പിന്നെ ഈ സ്വാതന്ത്ര്യം കൊണ്ട് എന്ത് പ്രയോജനമാണുള്ളത്? അല്ലെങ്കിൽ ഈ ജൽസകളിൽ പങ്കെടുക്കുന്നതുകൊണ്ട് എന്ത് നേട്ടമാണുള്ളത്? ഈ മസ്ജിദുകൾ നിർമിക്കുന്നതു കൊണ്ട് എന്ത് ഗുണമാണുള്ളത്? നമ്മൾ ബയ്അത്തിന്റെ കടമ നിറവേറ്റുമ്പോഴാണ് നമുക്ക് ഈ സ്വാതന്ത്ര്യത്തിൽ നിന്നുള്ള യഥാർഥ പ്രയോജനം കരസ്ഥമാകുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ജൽസകൾ സംഘടിപ്പിക്കുന്നതിന്റെ വിളംബരവും അല്ലാഹുവിൽനിന്ന് കല്പന പ്രാപിച്ചാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ടാണ് ഈ ജൽസകൾ കാരണത്താൽ നമ്മളിൽ പരിശുദ്ധ മാറ്റങ്ങളുണ്ടാകണമെന്നും നമ്മൾ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവരാകണമെന്നും അതിന്റെ ശരിയായ ഉള്ളറിവും ഗ്രാഹ്യവും കരസ്ഥമാക്കുന്നവരാകണമെന്നും പറഞ്ഞിരുന്നത്. നമ്മൾ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം നമ്മുടെ മനസ്സുകളിൽ സൃഷ്ടിക്കുന്നവരാകണം. നമ്മുടെ ആത്മീയവും വൈജ്ഞാനികവും ധാർമികവുമായ അവസ്ഥ മെച്ചപ്പെടുത്തുന്നവരാകണം. അതിനുവേണ്ടി കഴിവിന്റെ പരമാവധി ശ്രമിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയുടെ ഉദ്ദേശ്യലക്ഷ്യം വിവരിച്ചും തന്റെ ബയ്അത്തിൽ വരുന്നവരെ ഉപദേശിച്ചും കൊണ്ട് ഒരു സ്ഥലത്ത് പറയുന്നു: 'ബയ്അത്ത് ചെയ്യുന്നതിന്റെ ഉദ്ദേശ്യം ഭൗതികതയോടുള്ള അത്യാസ്കതി തണുക്കുകയും അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം ഹൃദയത്തിൽ ആധിപത്യം സ്ഥാപിക്കുകയും പരലോക യാത്രയോടു വെറുപ്പ് തേന്നാത്ത ഒരു സ്ഥിതി സംജാതമാകുകയും ചെയ്യുക എന്നതാണ്. എന്റെ കൈയിൽ ബയ്അത്ത് ചെയ്തിട്ടുള്ള ആത്മസഹോദരങ്ങൾ ഇക്കാര്യം മനസ്സിലാക്കിയിരിക്കണം.' (ആസ്മാനീ ഫയ്സ്വല, റൂഹാനീ ഖസാഇൻ വാല്യം 4, പേജ് 351)

ഇത് വളരെ വ്യക്തമായ നിർദേശമാണ്, അതായത് എന്റെ ബയ്അത്തിൽ വന്ന് വെറും വാദത്തിൽ മാത്രം ഒതുങ്ങാതെ, പ്രത്യുത ആത്മാർഥരിൽ പങ്കുചേരുക. അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം മറ്റെല്ലാ സ്നേഹത്തെക്കാളും കൂടുതലാകുമ്പോഴാണ് ആത്മാർഥതയിലും കൂറിലും നിങ്ങൾക്ക് അഭിവൃദ്ധിപ്പെടാൻ സാധിക്കുന്നത്. അതുകൊണ്ടുതന്നെ ബയ്അത്തിന്റെ നിബന്ധനകളിൽ അവിടന്ന് ഈ നിബന്ധന കൂടി ചേർത്തിരിക്കുന്നു, അതായത് ബയ്അത്ത് ചെയ്യുന്ന വ്യക്തി അല്ലാഹുവും റസൂലും പറഞ്ഞത് എല്ലാ കാര്യങ്ങളിലും പ്രവർത്തനരൂപരേഖയാക്കുന്നതായിരിക്കും.(ഇസാലയെ ഔഹാം ഭാഗം 2, റൂഹാനീ ഖസാഇൻ വാല്യം 3, പേജ് 564) യഥാർഥമായ സ്നേഹമുണ്ടാകുമ്പോഴാണ് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും എല്ലാ കാര്യങ്ങളേയും നമ്മുടെ ഓരോ കാര്യങ്ങളുടേയും വഴികാട്ടിയാക്കാൻ കഴിയുന്നത്. അതിനാൽ നമ്മുടെ ബയ്അത്തിന്റെ ഉദ്ദേശ്യമെന്താണെന്ന് ആവർത്തിച്ചാവർത്തിച്ച് ഓർമപ്പെടുത്തിക്കൊണ്ടിരിക്കുന്നതിനാണ് ഈ ജൽസകൾ സംഘടിപ്പിക്കുന്നത്. ദുൻയാവിനോടുള്ള സ്നേഹം തികച്ചും പുറത്തുപോകുകയും അല്ലാഹുവിനോടും റസൂലിനോടുമുള്ള സ്നേഹം അതിജയിക്കുകയും ചെയ്യുക എന്നത് നിസാരകാര്യമല്ല. അതിനു വലിയ കഠിനാധ്വാനത്തിന്റെ ആവശ്യമുണ്ട്. നമ്മൾ ബയ്അത്ത് പ്രതിജ്ഞ ചെയ്തിരിക്കുന്ന സ്ഥിതിക്ക് ഈ കഠിനാധ്വാനം ചെയ്യേണ്ടതാണ്. ചെയ്യേണ്ടി വരുന്നതാണ്. നമുക്ക് നമ്മുടെ ഭൗതിക വ്യവഹാരങ്ങൾ നമ്മുടെ ആരാധനയ്ക്കുവേണ്ടി ത്യാഗം ചെയ്യേണ്ടി വരും. ഭൗതികമായ തിരക്കുകൾ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിന് ത്യാഗം ചെയ്യേണ്ടിവരും. ഏതൊരു കാര്യമാണോ നമ്മെ അല്ലാഹുവിന്റെ സാമീപ്യത്തിൽനിന്ന് തടയുന്നത് അതിൽനിന്ന് രക്ഷപ്പെടേണ്ടിവരും. നമ്മുടെ ഉദ്യോഗങ്ങളും നമ്മുടെ കച്ചവടങ്ങളും അല്ലാഹുവിനോടുള്ള കടമനിറവേറ്റുന്നതിൽനിന്ന് തടയുന്നുവെങ്കിൽ നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ഇരിക്കുന്നതിന് ആ തിന്മകളിൽനിന്ന് നമുക്ക് നമ്മെ രക്ഷിക്കേണ്ടിവരും. ആ തടസങ്ങൾ ദൂരീകരിക്കേണ്ടിവരും. ഇപ്രകാരം തന്നെ നമ്മുടെ ഈഗോകളും നമ്മുടെ നാമമാത്ര ഭൗതിക ആദരവുകളും പ്രസിദ്ധികളും നമ്മുടെ സ്വാർഥപരമായ ചിന്താഗതികളും സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിലുള്ള തടസങ്ങൾ തുടങ്ങിയവയെല്ലാം അല്ലാഹുവിന്റെ കല്പന പാലിക്കുന്നതിലുള്ള നന്ദികേടാണ്. സൃഷ്ടികളോടുള്ള കടമ നിറവേറ്റാനും അല്ലാഹുവിന്റെ കല്പനയുണ്ട്. ഇതെല്ലാം ധിക്കരിച്ച് നമ്മൾ ഹദ്റത്ത് മസീഹ് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ നില്ക്കുന്നതിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുകയല്ല ചെയ്യുന്നത്.

ഇനി ഏതൊരു കാര്യത്തിലേക്കാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ ശ്രദ്ധ തിരിച്ചത്, അത് നബി(സ)തിരുമനേിയോടുള്ള സ്നേഹമാണ്. അവിടന്ന് വ്യക്തമായ നിലയിൽ പറയുന്നു: 'നബി(സ)തിരുമേനിയോടുള്ള സ്നേഹം എല്ലാ മനുഷ്യരോടുമുള്ള സ്നേഹത്തെക്കാൾ അധികമായിരിക്കേണ്ടതാണ്.അതിനെയെല്ലാം വലയം ചെയ്തിരിക്കേണ്ടതാണ്. കാരണം നബി(സ)തിരുമേനി മുഖേന മാത്രമേ ഇപ്പോൾ അല്ലാഹുവിന്റെ സാമീപ്യത്തിൽ എത്തിചേരാൻ സാധിക്കുകയുള്ളൂ. നബി(സ) തിരുമേനിയുടെ കല്പനകൾ അനുസരിച്ച് കർമങ്ങൾ ചെയ്തും അവിടത്തെ സുന്നത്തിലൂടെ നടന്നും മാത്രമെ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുവാൻ സാധിക്കുകയുള്ളു. ദുആ സ്വീകാര്യതയ്ക്കും ശുഭപര്യവസാനത്തിനുമുള്ള ജാമ്യം, നബി(സ)തിരുമേനി തന്നെയാകുന്നു.' ഹദ്റത്ത് മസീഹ് മൗഊദ് പറയുന്നു: 'നോക്കൂ! അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: *ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹ്*(3:32) പറയുക. ജനങ്ങളേ! നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻപറ്റുക. ഈ രീതിയിൽ അവനും നിങ്ങളെ സ്നേഹിക്കുന്നതാണ്.' അതായത് ഈ നേരത്ത് നിങ്ങൾ നബി(സ)തിരുമേനിയെ പിൻപറ്റുകയും, ആ മഹാത്മാവിന്റെ സുന്നത്തനുസരിച്ച് കർമങ്ങൾ ചെയ്യുകയും, ആ മഹാത്മാവിന്റെ കല്പനകളനുസരിച്ച് പ്രവൃത്തിക്കുകയുമാണെങ്കിൽ അവനും നിങ്ങളെ സ്നേഹിക്കുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവിന് പ്രിയപ്പെട്ടനാകുന്നതിന് നബി(സ)തിരുമേനിയെ പിൻപറ്റുകയെന്നതാണ് ഒരേയൊരു മാർഗം. മറ്റൊരു മാർഗത്തിലൂടെയും നിങ്ങൾക്ക് അല്ലാഹുവിനെ ലഭിക്കുകയില്ല. മനുഷ്യന്റെ ലക്ഷ്യം ഏകനും പങ്കുകാരില്ലാത്തവനുമായ അല്ലാഹുവിനെ അന്വേഷിക്കുക എന്നതായിരിക്കണം.' ഈ ഉദ്ദേശ്യമാണ് വേണ്ടത്. നമ്മൾ പങ്കുകാരാരുമില്ലാത്ത അല്ലാഹുവിനെയാണ് അന്വേഷിക്കേണ്ടത്. അതല്ലാതെ മറ്റൊന്നിനേയും അന്വേഷിക്കേണ്ടതില്ല. മറ്റൊന്നിനെയും അവന് എതിരിൽ കൊണ്ടു വന്ന് നിറുത്തരുത്. അവിടന്ന് പറയുന്നു: 'ശിർക്കിൽനിന്നും അനാചാരങ്ങളിൽനിന്നും പിന്തിരിയേണ്ടതാണ്. ആചാരങ്ങൾക്ക് വിധേയമാകുകയോ ശാരീരിക വികാരങ്ങൾക്ക് അടിപ്പെട്ടുപോകുകയോ ചെയ്യരുത്.' അവിടന്ന് പറയുന്നു: 'ഞാൻ വീണ്ടും പറയുകയാണ്, നബി(സ)തിരുമേനിയുടെ സത്യമാർഗം കൂടാതെ മറ്റൊരു വിധത്തിലും മനുഷ്യൻ വിജയിക്കുകയില്ല.' അവിടന്ന് പറയുന്നു:'നമുക്ക് ഒരേയൊരു റസൂൽ(സ)മാത്രമേയുള്ളൂ. ഒരേയൊരു വിശുദ്ധ ഖുർആൻ ആ റസൂലിനുമേൽ ഇറങ്ങി. അതിനെ പിൻപറ്റിക്കൊണ്ട് നമുക്ക് അല്ലാഹുവിനെ പ്രാപിക്കാൻ കഴിയും.'(മൽഫൂദാത്ത് വാല്യം 5 പേജ് 124–125)

അവിടന്ന് പറയുന്നു: 'നിങ്ങളോർക്കുക.

**'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'**
**(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)**
**(ഖുത്വ്ബ ജുമുഅ 29 – 5 – 2015)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

**നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

വിശുദ്ധ ഖുർആനിന്റേയും നബി(സ)തിരുമേനി പറഞ്ഞിട്ടുള്ള കാര്യങ്ങളുടേയും അനുധാവനവും സുന്നത്താക്കപ്പെട്ട മാർഗമായ നമസ്കാരം നോമ്പ് തുടങ്ങിയവയും കൂടാതെ അല്ലാഹുവിന്റെ കൃപകളുടേയും അനുഗ്രഹങ്ങളുടേയും വാതിൽ തുറക്കുന്നതിന് മറ്റൊരു താക്കോലുമില്ല തന്നെ.' ഒരുവഴിയെയുള്ളൂ; മറ്റൊരുവഴിയുമില്ല. അതിനാൽ ഈ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിന് നബി(സ)തിരുമേനിയോടു സ്നേഹബന്ധം പുലർത്തുകയും ആ സ്നേഹബന്ധം കാരണത്താൽ അവിടത്തെ കല്പനകളനുസരിച്ച് നടക്കുകയും ചെയ്യുക എന്നത് നിർബന്ധമാണ്. ഇങ്ങനെ ഇല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)വ്യക്തമായും പറഞ്ഞു, 'പിന്നെ എനിക്കു ചെയ്തിട്ടുള്ള ബയ്അത്തും നിരർഥമാണ്. നിങ്ങൾ ഇവിടെ ജൽസയിൽ സംഘടിക്കുന്നതും വ്യർഥമാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'ഞാൻ അല്ലാഹുവിന്റെ ഈ പ്രിയപ്പെട്ടവന്റെ 'ആശിഖ്' അഥവാ അനുരക്തനാകുന്നു. അതുകൊണ്ട് നിങ്ങൾ എന്റെ ബയ്അത്തിൽ ഇരിക്കാനാഗ്രഹിക്കുന്നെങ്കിൽ നിങ്ങൾക്കു തീർച്ചയായും എന്റെ മഹ്ബൂബ് അഥവാ പ്രേമപാത്രത്തെ സ്നേഹിക്കേണ്ടതായി വരും.'

പിന്നീട് പറയുന്നു: 'സ്വന്തം ഉള്ളിൽ ഭൗതികാസക്തിയോടുള്ള ഒരു വിച്ഛേദമുണ്ടാക്കുക. അത് കളിവിനോദങ്ങളിൽനിന്നും കണ്ണഞ്ചിപ്പോകുന്ന ഭൗതിക കാര്യങ്ങളിൽനിന്നും നിങ്ങളെ വേർപെടുത്തുന്നതാകണം. നിങ്ങളുടെ എല്ലാ കർമങ്ങളും അല്ലാഹുവിന്റേയും അവന്റെ പ്രിയ റസൂൽ(സ)ന്റേയും കല്പനകൾ ക്ക് വിധേയമാകണം. തീർച്ചയായും ഭൗതിക സമ്പാദനവും ഭൗതിക ജോലികൾ ചെയ്യുന്നതും വിരോധമല്ല. അല്ലാഹുതന്നെയാണ് അത് കല്പിച്ചിട്ടുള്ളത്. സ്വഹാബാക്കളും ജോലികൾ ചെയ്യാറുണ്ടായിരുന്നു. കച്ചവടങ്ങൾ ചെയ്യാറുണ്ടായിരുന്നു. വലിയ വലിയ വ്യാപാരങ്ങളും അവർക്കുണ്ടായിരുന്നു. അവരും ലക്ഷക്കണക്കിന് കോടിക്കണക്കിനുള്ള വ്യാപാരം നടത്തിയിരുന്നു. കൊടുക്കൽ വാങ്ങൽ നടത്തിയിരുന്നു. ലക്ഷക്കണക്കിന് കോടിക്കണക്കിന് വിലയുള്ള ഭൂസ്വത്തുക്കളുടെ ഉടമകളായിരുന്നു. പക്ഷേ, അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം അവരിൽ അതിജയിച്ചിരുന്നു. അല്ലാഹുവിനോടുള്ള കടമ പൂർത്തിയാക്കണമെന്ന ചിന്തയിലായിരുന്നു അവർ എപ്പോഴുമുണ്ടായിരുന്നത്; നബി(സ) തിരുമേനിയുടെ കല്പനകൾ പിൻപറ്റണമെന്നും. തങ്ങളുടെ പ്രിയപ്പെട്ടവൻ വെറുക്കുന്ന ഒരു കർമവും തങ്ങളിൽനിന്നുണ്ടാകരുതെന്ന ചിന്തയിലായിരുന്നു അവർ എപ്പോഴും. ഈയിടെയായി ഞാൻ ഖുത്ബകളിൽ സ്വഹാബാക്കളെ കുറിച്ചാണ് പറഞ്ഞുവരുന്നത്. ഒരുപാട് സ്വഹാബാക്കളുടെ ഉദാഹരണങ്ങൾ ലഭിക്കുന്നുണ്ട്; അവരുടെ ഇബാദത്തുകൾ എങ്ങനെയുള്ളതായിരുന്നു. നബി(സ)തിരുമേനിയെ പിൻപറ്റുന്നതിന്റെ അവരുടെ നിലവാരമെന്തായിരുന്നു. നബി(സ)തിരുമേനിയോടുള്ള അവരുടെ സ്നേഹവികാരമെന്തായിരുന്നു. തങ്ങളിൽനിന്ന് തങ്ങളുടെ പ്രിയപ്പെട്ടവന് വെറുപ്പുണ്ടാകുന്ന ഒരു പ്രവൃത്തിയും ഉണ്ടാകരുതെന്നുള്ള ചിന്ത അവർക്കെപ്പോഴും ഉണ്ടായിരുന്നു. അതുകൊണ്ട് നമ്മുടെ മനസ്സുകളിലും എല്ലാതരത്തിലുള്ള തിരക്കുകളും ഉണ്ടെങ്കിലും അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിൽ ഒരു കുറവും വരാൻ പാടില്ല എന്ന കാര്യം എപ്പോഴും ഉണ്ടാകേണ്ടതാണ്. ഇൻശാഅല്ലാഹ്. അതിന് കഴിവിന്റെ പരമാവധി അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകൾ അനുസരിച്ച് കർമങ്ങൾ ചെയ്യാൻ ശ്രമിക്കേണ്ടതാണ്. നമ്മുടെ അവസ്ഥകൾ ഉത്തമമാക്കുന്നതിനും ജൽസയുടെ ആത്മീയാന്തരീക്ഷത്തിൽനിന്ന് ഫലമെടുക്കുന്നതിനും, നമ്മുടെ കർമാവസ്ഥകളിൽ ഉയർച്ച കൊണ്ടുവരാനുംവേണ്ടിയാണ് നമ്മൾ ഈ മൂന്നുദിവസം ഇവിടെ ഒരുമിച്ച് കൂടിയിരിക്കുന്നത്.

നമ്മൾ ഇവിടെ മൂന്ന് ദിവസം ഒരുമിച്ച് കൂടിയതിന്റെ ഉദ്ദേശ്യം എന്താണ്? ഈ ആത്മീയ അന്തരീക്ഷത്തിൽ നിന്ന് പ്രയോജനം നേടുകയും സ്വന്തം കർമാവസ്ഥ ഉന്നതമാക്കുകയും ചെയ്യുന്നതിന് പരിശ്രമിക്കുകയും ചെയ്യുക. ഇതായിരിക്കണം നമ്മുടെ എപ്പോഴുമുള്ള ചിന്ത; സ്വന്തം തിന്മകളെ ദൂരീകരിക്കുക. ദൈവസ്മരണയിലേക്കും പശ്ചാത്താപത്തിലേക്കും ശ്രദ്ധ നല്കുക. നമ്മുടെ ചിന്ത ഇതല്ലെങ്കിൽ നമ്മുടെ ജൽസയ്ക്കുള്ള വരവ് വ്യർഥമാണ്. ബുദ്ധിയുടെ തേട്ടമെന്ന് പറയുന്നത് ഈ മൂന്ന് ദിവസത്തെയും ഒരു പരിശീലന ക്യാമ്പായി നമ്മൾ കണക്കാക്കുകയെന്നതാണ്. നമ്മുടെ കർമാവസ്ഥകളിൽ ഉണ്ടായിട്ടുള്ള കുറവുകൾ – അതെന്തായാലും ഉണ്ടാകുന്നതാണ് – മനുഷ്യൻ ഒരു ചുറ്റുപാടിൽനിന്ന് പുറത്തുവരുമ്പോൾ അവയെ അകറ്റാൻ ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയുടെ നേട്ടങ്ങൾ വിവരിച്ചുകൊണ്ട് പറയുന്നു: 'കഴിവിന്റെ പരമാവധി എല്ലാ സ്നേഹിതന്മാരും അല്ലാഹുവിനുവേണ്ടി ദൈവികകാര്യങ്ങൾ ശ്രമിക്കാനും ദുആയിൽ ഭാഗഭാക്കാകാനും ഈ തിയതികളിൽ ഇവിടെ എത്തിച്ചേരേണ്ടതാണ്. ഈ ജൽസയിൽ ദൃഢവിശ്വാസത്തിനും ദിവ്യജ്ഞാനത്തിനും കരുത്ത് പകരുന്നതിനാവശ്യമായ തത്വോദ്ബോധനവും ആധ്യാത്മിക ജ്ഞാനവും കേൾപ്പിക്കാനുള്ള സംവിധാനം ഉണ്ടായിരിക്കും.'(ആസ്മാനീ ഫയ്സല, റൂഹാനീ ഖസാഇൻ വാല്യം 4, പേജ് 351–352)

അതിനാൽ ജൽസയുടെ ഉദ്ദേശ്യം വിശ്വാസത്തിലും ദൃഢജ്ഞാനത്തിലുമുള്ള അഭിവൃദ്ധിയാണ്; മഅ്രിഫത്തിൽ അഥവാ ഈശ്വരീയ ജ്ഞാനത്തിലുള്ള ഉയർച്ച. അവിടന്ന് ഒരു അവസരത്തിൽ ഇങ്ങനേയും പറഞ്ഞു: ഇത് ഭൗതിക മേളകളെപ്പോലെയുള്ള മേളയല്ല;(ശഹാദത്തുൽ ഖുർആൻ റൂഹാനീ ഖസാഇൻ വാല്യം 6, പേജ് 395) നമ്മൾ ഒരുമിച്ച് കൂടുകയും ഒച്ചയും ബഹളവുമുണ്ടാക്കുകയും സംഘടിക്കുകയും നമ്മുടെ അംഗസംഖ്യ പ്രകടിപ്പിക്കുയും ചെയ്യാൻ! ഇതല്ല ഉദ്ദേശ്യം, അതിനാൽ ജൽസയിൽ വരുന്ന ഓരോ വ്യക്തിയും പുരുഷനായാലും സ്ത്രീയായാലും യുവാവായാലും വൃദ്ധനായാലും ആരായാലും അവരുടെ ശ്രദ്ധ വിശ്വാസത്തിലും ദൃഢബോധത്തിലും ഈശ്വരജ്ഞാനത്തിലും ഉയർച്ച കൈവരിക്കുകയെന്നതായിരിക്കണം; അല്ലാഹുവിലും അവന്റെ ദൂതനിലുമുള്ള സ്നേഹത്തിൽ വർധന ഉണ്ടാകാൻ. വിശ്വാസത്തിലും ദൃഢബോധത്തിലും ഈശ്വരജ്ഞാനത്തിലും ഉയർച്ച കൈവരിക്കുമ്പോഴാണ് അല്ലാഹുവിലും അവന്റെ റസൂലിലുമുള്ള സ്നേഹത്തി ൽ വർധന ഉണ്ടാകുന്നത്. അല്ലാഹുവിന്റെ സ്ഥാനത്തിന്റേയും നബി(സ)തിരുമേനിയുടെ സ്ഥാനത്തിന്റേയും തിരിച്ചറിവുതന്നെ നമുക്കില്ലെങ്കിൽ, അല്ലാഹുവിന്റെ അസ്തിത്വത്തിൽ നമുക്ക് ദൃഢവിശ്വാസമില്ലെങ്കിൽ മഅ്രിഫത്ത് എങ്ങനെ, അഭിവൃദ്ധി എങ്ങനെയുണ്ടാകാനാണ്?

അതുകൊണ്ട് നമ്മൾ ഒരു ഭംഗിക്കുവേണ്ടി ഒരിടത്ത് ഒരുമിച്ച് കൂടിയിരിക്കുന്നുവെന്ന് മനസ്സിലാക്കരുത്. അവിടുത്തേയും ഇവിടുത്തേയും കാര്യങ്ങൾ പറഞ്ഞ് സമയം കഴിച്ച് മടങ്ങിപ്പോകുന്നതിനുമല്ല. ഇതാണ് വിചാരമെങ്കിൽ ഞാൻ മുമ്പേയും പറഞ്ഞതുപോലെ അപ്പോൾപിന്നെ ജൽസയിൽ വരുന്നത് നിഷ്ഫലമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നന്മകൾ ചെയ്യുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട്–അതിൽ അല്ലാഹുവിനോടുള്ള കടമാ നിർവഹണവും അവന്റെ സൃഷ്ടികളോടുള്ള കടമാ നിർവഹണവുമുണ്ട്– പറയുന്നു: 'അല്ലാഹുവിനെ സന്തോഷിപ്പിക്കുന്നതിനും അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും അവന്റെ കൽപന പാലിക്കുന്നതിനുംവേണ്ടിയായിരിക്കണം നന്മ ചെയ്യേണ്ടത്; അതിന് ഫലം കിട്ടിയാലും വേണ്ടില്ല, കിട്ടിയില്ലെങ്കിലും വേണ്ടില്ല. ഇതാണ് യഥാർഥ സ്നേഹത്തിന്റെ തത്ത്വരഹസ്യം. അല്ലാഹുവിനോടുള്ള സ്നേഹം നമ്മോട് അവന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കാനാണ് ആവശ്യപ്പെടുന്നത്. അതിൽ ആരാധനകളുമുണ്ട്, അതുപോലെ തന്നെ അല്ലാഹുവിന്റെ ദാസന്മാരോടുള്ള കടമകളും അടങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കേണ്ടത് അതിന്റെ പ്രതിഫലമോ പുണ്യമോ കിട്ടുമെന്നുള്ള വിചാരത്തോടുകൂടി ആയിരിക്കരുത്. അല്ലാഹു ഒരു സൽക്കർമവും പ്രതിഫലം നല്കാതെ വിട്ടു കളയുകയില്ലെന്നത് ശരിതന്നെ. പ്രതിഫലം നല്കുകതന്നെ ചെയ്യും. എന്നാൽ, യഥാർഥ ഈമാനിന്റെ തേട്ടം ഞാൻ പറഞ്ഞതുപോലെ നമുക്കെന്തെങ്കിലും കിട്ടണം എന്ന വിചാരത്തോടെ ചെയ്യരുതെന്നാണ്. പ്രത്യുത നന്മകൾ ചെയ്യുക എന്നത് നമ്മുടെ അല്ലാഹുവിന്റെ കല്പനയാണ് എന്ന വിചാരത്തോടെ ചെയ്യണം. അവിടന്ന് പറയുന്നു: "ഈ ദുർബോധനവും തെറ്റുധാരണയും ഇടയിൽനിന്ന് പൊങ്ങിപ്പേകുമ്പോഴാണ് ഈമാൻ സമ്പൂർണമാകുന്നത്." പ്രതിഫലം കിട്ടുകയോ കിട്ടാതിരിക്കുകയോ ചെയ്യട്ടെ ഇത്തരത്തിലുള്ള വിചാരങ്ങളിൽ പെട്ടുപോകരുത്. ഇങ്ങനെ ചിന്തിക്കുകയാണെങ്കിൽ ഈമാൻ സമ്പൂർണമാകുകയില്ല. അവിടന്ന് പറയുന്നു: 'അല്ലാഹു ആരുടേയും നന്മ നഷ്ടപ്പെടുത്തി കളയുകയില്ലെന്നത് സത്യമാണ്. അല്ലാഹു സുകൃതവന്മാരുടെ പ്രതിഫലം ഒരിക്കലും നഷ്ടപ്പെടുത്തി കളയുകയില്ല.' പറഞ്ഞു: എന്നാൽ, നന്മ പ്രവൃത്തിക്കുന്നവൻ പ്രതിഫലത്തെ ഒരിക്കലും ലക്ഷ്യം വെക്കരുത്.'(മൽഫൂദാത്ത് വാല്യം 2 പേജ് 371–372)

അതുകൊണ്ട് ദുരാഗ്രഹമോ സമ്മാനമോ ഒന്നും ആഗ്രഹിക്കാതെ ചെയ്യുന്നതാണ് യഥാർഥ നന്മ. ഈ അടിസ്ഥാനപരമായ നിയമം മുന്നിൽവച്ചുകൊണ്ട് നമ്മൾ അല്ലാഹുവിന്റെ ദാസരോടും നല്ല നിലയിൽ പെരുമാറുക. പരസ്പരമുള്ള കടമകൾ നിർവഹിക്കാൻ ശ്രമിക്കുക. പരസ്പരം നല്ല രീതിയിൽ പെരുമാറുകയും ഉദാത്തമായ സ്വഭാവം കാണിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന്റെ കല്പനയാണ്, നബി(സ) തിരുമേനിയുടെ കല്പനയാണ്, അവിടത്തെ സുന്നത്താണ്, അവിടത്തെ നിർദേശമാണ് എന്ന് കരുതി ചെയ്യാൻ ശ്രമിക്കുക. മനുഷ്യരിൽ നിന്ന് അതിന് പ്രതിഫലം കിട്ടിയാലും ഇല്ലെങ്കിലും അല്ലാഹു തീർച്ചയായും ആ നന്മക്ക് പ്രതിഫലം നല്കും. നമ്മുടെ അല്ലാഹു നമ്മോട് ഇപ്രകാരമുള്ള പെരുമാറ്റം കാണിക്കുമ്പോൾ, നമ്മുടെ ചുമതല എന്നത്, നമ്മൾ അവന്റെ തൃപ്തിക്ക് വേണ്ടി അവൻ നല്കിയ എല്ലാ കല്പനകളും അനുസരിച്ച് പ്രവർത്തിക്കുകയെന്നത് എത്ര ഭാരിച്ച ചുമതലയാണ്; അതുപോലെതന്നെ ചെയ്യരുതെന്ന് കല്പിച്ചിട്ടുള്ള തിന്മകളിൽ നിന്നെല്ലാം നമ്മൾ വിട്ടുനിൽക്കുക എന്നതും!

ഇവിടെ വന്നിട്ട്, ഈ രാജ്യങ്ങളിൽ വന്നിട്ട്, വികസിത രാജ്യങ്ങളിൽവന്നിട്ട്, സ്വാതന്ത്ര്യത്തിന്റെ പേരിൽ എല്ലാതരത്തിലുള്ള ആഭാസ

ങ്ങളിലും വീഴുന്ന ചുറ്റുപാടിൽ വന്നിട്ട് നമുക്ക് നമ്മുടെ അവസ്ഥകളിൽ ദൃഷ്ടിവയ്ക്കേണ്ടത് വളരെയധികം ആവശ്യമുണ്ട്. ചില സന്ദർഭങ്ങളിൽ ജീവിത സംഘർഷം നന്മ ചെയ്യുന്നതിന് വിഘ്നം സൃഷ്ടിക്കാറുണ്ട്. അവസ്ഥകൾ മെച്ചപ്പെടുമ്പോൾത്തന്നെ മനുഷ്യൻ തന്റെ ഭൂതകാലം മറന്നു പോകുന്നു. ഇന്ന ഭൗതികജോലി നമ്മൾ ചെയ്തില്ലെങ്കിൽ നമുക്ക് നഷ്ടമുണ്ടാകുമെന്ന് മനസിലാക്കുന്നു. പക്ഷേ, അല്ലാഹു പറയുന്നു: റിസ്ഖ് അഥവാ ഉപജീവനം നല്കുന്നത് ഞാനാകുന്നു.

തനിക്ക് നഷ്ടമുണ്ടാകാതിരിക്കാൻ അല്ലാഹുവിനോടുള്ള കടമ നിറവേറ്റാതിരിക്കുക എന്ന കാര്യം പൊതുവെ ഭൗതികരിൽ കണ്ടു വരുന്നതാണ്. ഇതിൽ നിർഭാഗ്യവശാൽ നമ്മളിലും ചിലരുണ്ട്. തങ്ങളുടെ നമസ്കാരങ്ങളെ തങ്ങളുടെ ജോലിക്കുവേണ്ടി ബലിയർപിക്കുന്നു. നമസ്കാരത്തിന്റെ സമയം വന്നു. മറുഭാഗത്ത് ജോലിയും വന്നു. അപ്പോൾ നമസ്കാരം ഉപേക്ഷിക്കുന്നു. അല്ലെങ്കിൽ ചിലപ്പോൾ നമസ്കാരം ജംആക്കുന്നു. ചിലപ്പോഴാണെങ്കിൽ നമസ്കരിക്കുകയുമില്ല. മറന്നുപോകുന്നു. പക്ഷേ, ഭൗതികജോലി ഉപേക്ഷിക്കുകയില്ല. ഇതിൽനിന്ന് രക്ഷപ്പെടാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അല്ലെങ്കിൽ എന്തൊ നിർബന്ധമാക്കപ്പെട്ട കാര്യം തലയിൽനിന്ന് ഒഴിവാക്കുന്നു എന്ന രീതിയിൽ പെട്ടെന്ന് പെട്ടെന്ന് നമസ്കരിക്കുന്നു. ഞാൻ മുമ്പേയും പറഞ്ഞതുപോലെ ഇത് അല്ലാഹുവിനോടുള്ള സ്നേഹമല്ല. ഈ ദുൻയാവിനോടുള്ള സ്നേഹത്തിന്റെ പ്രകടനമാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചെയ്ത ബയ്അത്തിന്റെ കടമ നിറവേറ്റപ്പെടണമെങ്കിൽ അല്ലാഹുവിനോടുള്ള ആരാധനയുടെ കടമ നിറവേറ്റേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. അതായത് ആരാധന അല്ലാഹുവിനോടുള്ള വ്യക്തിഗതമായ സ്നേഹത്തിൽ വർണം ചാർത്തി നിർവഹിക്കുക എന്ന യാഥാർഥ്യത്തെ മനസ്സിലാക്കുക.(മൽഫൂദാത്ത് വാള്യം 5 പേജ് 107)

യഥാർഥ കാര്യമിതാണ്. അല്ലാഹുവിനെ ആരാധിക്കുക; നിർബന്ധ കാര്യമാണെന്ന് മനസ്സിലാക്കി; തലയിൽനിന്ന് ഒഴിവാക്കാനല്ല. പ്രത്യുത നിർബന്ധകാര്യത്തിൽ വ്യക്തിഗതമായ സ്നേഹമുണ്ടാകണം. അവന്റെ വർണ്ണപ്പകിട്ടായി ഈ ആരാധന നടത്തുക. വ്യക്തിഗതമായ സ്നേഹത്താൽ ആരാധന നടത്തുമ്പോൾ ഭൗതികോദ്ദേശ്യങ്ങളെല്ലാം അവസാനിക്കുന്നതാണ്. പിന്നീട് മനുഷ്യൻ പ്രതീക്ഷിക്കാത്ത മാർഗങ്ങളിലൂടെ അല്ലാഹു അവന് ജീവിത വിഭവങ്ങൾ നല്കുന്നതായിരിക്കും. *വമൻയ്യത്തഖില്ലാഹ യജ്അല്ലഹൂ മഖ്റജൻ വ യർസുഖ്ഹു മിൻ ഹയ്ഥുലാ യഹ്തസിബു*(65:3,4) എന്ന് അല്ലാഹു പറയുന്നതുപോലെ; ആരാണോ അല്ലാഹുവിനോടുള്ള ഭയഭക്തി സ്വായത്തമാക്കുന്നത് *വമൻയ്യത്തഖില്ലാഹ യജ്അല്ലഹൂ മഖ്റജൻ* അല്ലാഹു ഏതെങ്കിലുമൊക്കെ തരത്തിൽ ജീവിതവിഭവം നല്കുന്നതിന് മാർഗം തുറക്കുന്നതാണ്. ജീവിതവിഭവം ലഭിക്കുമെന്ന വിചാരംപോലും ഇല്ലാത്ത വഴിയിലൂടെ അവന് അത് നല്കപ്പെടുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു: 'അതുകൊണ്ട് സന്തോഷാവസ്ഥയുടെ അടിസ്ഥാനപരമായ കാര്യം തഖ്വയാകുന്നു.' പിന്നീട് പറഞ്ഞു: 'അല്ലാഹു തന്റെ ദാസന്മാരെ നഷ്ടപ്പെടുത്തി കളയുകയില്ലെന്നതും മറ്റുള്ളവരുടെ മുന്നിൽ കൈനീട്ടുന്നതിൽനിന്ന് അവരെ രക്ഷിക്കുന്നുവെന്നതും തികച്ചും സത്യമാണ്. ഒരു വ്യക്തി ദൈവഭക്തനും മുത്തഖിയും ആയിത്തീർന്നാൽ അവന്റെ ഏഴ് തലമുറക്കായി അല്ലാഹു തന്റെ കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും കരങ്ങൾ നീട്ടുമെന്നത് എന്റെ ദൃഢവിശ്വാസമാണ്.' (മൽഫൂദാത്ത് വാള്യം 5, പേജ് 245)

അവർ സ്വയം അല്ലാഹുവിന്റെ അനുഗ്രഹത്തെ നഷ്ടപ്പെടുത്തി കളയുന്ന എന്തെങ്കിലും നിർഭാഗ്യകരമായ കർമം ചെയ്താൽ ഒഴികെ! അവിടന്ന് പറയുന്നു: 'മനുഷ്യൻ എല്ലാ കുരുക്കുകളെയും കത്തിച്ചു കളയേണ്ടതാണ്.' എല്ലാ മധ്യസ്ഥതകളേയും എല്ലാ കെട്ടുബന്ധങ്ങളേയും കത്തിച്ചു കളയുക. " വെറും ദൈവസ്നേഹത്തിന്റെ കെട്ടുബന്ധം മാത്രം ബാക്കി വെക്കുക."

ഒരേയൊരു കെട്ടുബന്ധം മാത്രമെ ഉണ്ടാകാവൂ. ഒരേയൊരു കുരുക്ക് മാത്രം. ഒരു മാർഗം മനസ്സിലാക്കുക. അതിൽനിന്ന് നിങ്ങൾക്ക് എല്ലാം കരസ്ഥമാക്കാവുന്നതാണ്. അത് ദൈവസ്നേഹത്തിന്റെ കുരുക്കാണ്. അവിടന്ന് പറയുന്നു: 'അല്ലാഹുവിന്റെതായി മാറുന്നവന് അല്ലാഹു അവന്റെതായി മാറുന്നു എന്നതാണ് സത്യം.' പിന്നീട് പറയുന്നു:'നിങ്ങളുടെമേൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെയും അവന്റെ കാരുണ്യത്തിന്റെയും അടയാളങ്ങൾ ഇറങ്ങും വിധം നിങ്ങൾ മാറ്റം വരുത്തുക.' അവിടന്ന് പറയുന്നു: 'ഒരു വ്യക്തി ആയുസ്സ് ആഗ്രഹിക്കുന്നത് വെറും ഭൗതിക ആനന്ദവും വിനോദവും ആസ്വദിക്കാനാണെങ്കിൽ അവന്റെ ആയുസ്സു എന്ത് പ്രയോജനമുണ്ടാകുന്നതാകാനാണ്? അവൻ തന്റെ ആയുസ്സുകൊണ്ട് ഉദ്ദേശിക്കുന്നത് തനിക്ക് ആയുസ് കിട്ടണമെന്നും ഈ ലോകത്തിലെ സമൃദ്ധിയും ആനന്ദങ്ങളും ലഭിക്കണമെന്നുമാണ്. അതുകൊണ്ട് എന്തു ഫലമാണുള്ളത്. 'അതിൽ അല്ലാഹുവിന്റെ ഭാഗമൊന്നുതന്നെയില്ല. അവൻ തന്റെ ആയസ്സിന്റെ ഉദ്ദേശ്യം, നല്ല ഭക്ഷണം കഴിക്കുന്നതിലും മനസ്സ് തുറന്ന് ഉറങ്ങുന്നതിലും ഭാര്യാമക്കളിലും മെച്ചപ്പെട്ട ഭവനത്തിലും അല്ലെങ്കിൽ കുതിര മുതലായവ കൈയിൽവെക്കുന്നതിലും അല്ലെങ്കിൽ മുന്തിയ തോട്ടമോ അല്ലെങ്കിൽ വിളവോ നേടുന്നതിലും അവസാനിപ്പിക്കുന്നു. അവൻ സ്വയം തന്റെ വയറിന്റെ ദാസനും ഭോജനത്തിന്റെ ആരാധകനുമാകുന്നു.' അത്തരം മനുഷ്യൻ അല്ലാഹുവിന്റെ ദാസനല്ല. അവനെ ആരാധിക്കുന്നവനുമല്ല. പ്രത്യുത ദൈവദാസനെന്ന് പറയാനും പറ്റുകയില്ല. മറിച്ച് അവൻ തന്റെ സ്വന്തം ലക്ഷ്യങ്ങളെയാണ് ആരാധിക്കുന്നത്. അവന്റെ ഉദ്ദേശ്യം തനിക്ക് ഭൂസ്വത്തുക്കൾ ഉണ്ടാകണമെന്നും തനിക്ക് സമ്പത്തുണ്ടാകണമെന്നും തനിക്ക് വീടുണ്ടാകണമെന്നും തന്റെ കൈയിൽ കാറുണ്ടാകണമെന്നുമാണ്– ആദ്യം കുതിരയുടെ ഉദാഹരണമാണ് പറഞ്ഞത് ഇപ്പോൾ കാറിന്റെ ഉദാഹരണം പറയുകയാണ്. ഇക്കാലത്ത് കാറിന്റെ ഉദാഹരമാണ് യോജിക്കുന്നത്, നല്ല നല്ല തരത്തിലുള്ള കാറുണ്ടാകണം– ഇത് കേവലം ഉദ്ദേശ്യമല്ല. അതേ! അല്ലാഹു അനുഗ്രഹം നല്കിയിരിക്കുകയാണ്. അതിൽനിന്ന് തീർച്ചയായും ഫലമെടുക്കേണ്ടതാണ്. പക്ഷേ, ഇതായിരിക്കരുത് ഉദ്ദേശ്യം. ഇതുമാത്രമാണ് ഉദ്ദേശ്യമെങ്കിൽ അവിടന്ന് പറയുന്നു, അപ്പോൾപിന്നെ അവൻ ആ വസ്തുക്കളുടെ മാത്രം ദാസനാണ്. അവയെയാണ് ആരാധിക്കുന്നത്. അത്തരം വ്യക്തി അല്ലാഹുവിന്റെ ദാസനെന്നോ അവനെ ആരാധിക്കുന്നവനെന്നോ പറയപ്പെടുകയില്ല. അവൻ തന്റെ വ്യക്തിപരമായ ഉദ്ദേശ്യങ്ങളെയാണ് ആരാധിക്കുന്നത്. അവിടന്ന് പറഞ്ഞു: 'അവൻ ശാരീരികേച്ഛകളേയും മനുഷ്യത്വത്തിന് നിരക്കാത്ത ആസ്വാദനങ്ങളേയുമാണ് തന്റെ ആഗ്രഹവും ഉദ്ദേശ്യവും ആരാധ്യവസ്തുവുമാക്കി വെച്ചിരിക്കുന്നത്.' ഇതുതന്നെയാണ് അവന്റെ ആഗ്രഹങ്ങൾ. 'എന്നാൽ, അല്ലാഹു മനുഷ്യന്റെ സൃഷ്ടിപരമ്പരയുടെ അടിസ്ഥാനം' അതിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യം, തന്നെ ആരാധിക്കുക എന്ന് വെച്ചിരിക്കുന്നു.' *വമാ ഖലഖ്ത്തുൽ ജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ* (51:57)എന്ന് പറഞ്ഞതുപോലെ. അതായത് ഞാൻ മനുഷ്യരെയും ജിന്നുകളെയും വെറും ഇബാദത്തിനുവേണ്ടിയാണ് സൃഷ്ടിച്ചിരിക്കുന്നത്. അവിടന്ന് പറയുന്നു: 'അതിനാൽ കെട്ടിയിട്ടിരിക്കുന്നു.' ഇവിടെ വിധി പറഞ്ഞിരിക്കുന്നു. നിയന്ത്രണ വിധേയരാക്കിയിരിക്കുന്നു. അതിനാൽ ഇബാദത്തെ ഇലാഹി മാത്രമായിരിക്കണം ലക്ഷ്യമാക്കേണ്ടത്. ഈയൊരു ഉദ്ദേശ്യത്തിന് വേണ്ടിയാണ് ഈ പ്രപഞ്ചം തന്നെ സൃഷ്ടിച്ചിരിക്കുന്നത്. എന്നാൽ, ഇതിന് വിപരീതമായി പല ഉദ്ദേശ്യങ്ങളും പല ആഗ്രഹങ്ങളുമാണ് മനുഷ്യനുള്ളത്.'(മൽഫൂദാത്ത് വാള്യം 5 പേജ് 246 –247)

പക്ഷേ, എന്താണ് സംഭവിക്കുന്നത്? ലോകത്ത് ഇന്ന് ഇതിനു തികച്ചും വിരുദ്ധമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അതിനു നേരെ വിപരീതമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ ഉദ്ദേശ്യത്തിനുപകരം എല്ലാ മനുഷ്യരും വേറെ ഉദ്ദേശ്യങ്ങളിലും തീരുമാനങ്ങളിലും ആഗ്രഹങ്ങളിലും വീണു കിടക്കുന്നു. ആഗ്രഹങ്ങളും അത്ഭുതതരത്തിലുള്ളതായിതീർന്നിരിക്കുന്നു. അല്ലാഹുവിനെ കരസ്ഥമാക്കണമെന്ന ആഗ്രഹത്തെക്കാൾ കൂടുതൽ ഭൗതികാഗ്രഹങ്ങൾ വർധിച്ചിരിക്കുന്നു. ഇക്കാര്യങ്ങൾ നമ്മെ ഇരുത്തിചിന്തിപ്പിക്കുന്നതായി തീരേണ്ടതാണ്. നമ്മുടെ ജീവിതലക്ഷ്യം എപ്രകാരം നേടിയെടുക്കുന്നവരായി നാം മാറുമെന്ന ചിന്തയിലും വേവലാതിയിലും നമ്മെ അകപ്പെടുത്തേണ്ടതാണ്. വെറും ഭൗതിക ജീവിതത്തെ കുറിച്ച് മാത്രം ചിന്തിക്കരുത്. നമ്മുടെ ചിന്താഗതികളും നമ്മുടെ പരിശ്രമങ്ങളും ഈ ലോകത്തെ നേടുന്നതിൽ മാത്രം ഒതുക്കി നിറുത്തരുത്. മറിച്ച് നാം നമ്മുടെ ജീവിതത്തിന്റെ യഥാർഥ ലക്ഷ്യം നേടിയെടുക്കുന്നതിന് എല്ലാ കഴിവുകളും വിനിയോഗിക്കേണ്ടതാണ്. ഇത്തരം രാജ്യങ്ങളിൽ വന്ന് നമ്മൾ

## ഹദീഥുന്നബ്വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടണ്ടിരുന്നു.'***
***(ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**
**(ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കരസ്ഥമാക്കുന്നതിന് പരിശ്രമിച്ചുകൊണ്ട് അവനോടുള്ള ആരാധനയുടെ കടമ നിവർത്തിക്കുന്നവരായി മാറുക. നമ്മുടെ ഉദ്ദേശ്യങ്ങളും നമ്മുടെ ആഗ്രഹങ്ങളും മറ്റൊന്നും തന്നെയായിരിക്കരുത്. പ്രത്യുത ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ നാം നമ്മുടെ സ്രഷ്ടാവിനെ തിരിച്ചറിയുന്നവരായി മാറിക്കൊണ്ട് നമ്മുടെ സൃഷ്ടിപ്പിന്റെ കടമ നിർവഹിക്കുന്നവരായി മാറുക. ഈ കാലഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിയോഗിച്ചതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നവരായി മാറുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഈമാനുകൾക്ക് –വിശ്വാസങ്ങൾക്ക് കരുത്ത് പകരുന്നതിനും ശക്തിപ്പെടുത്തുന്നതിനും അല്ലാഹുവിന്റെ അസ്തിത്വത്തെ ജനങ്ങളിൽ സ്ഥാപിച്ച് കാണിക്കുന്നതിനുമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. കാരണം എല്ലാ ഓരോ ജനതയുടെയും വിശ്വാസപരമായ അവസ്ഥകൾ ദുർബലമായി കഴിഞ്ഞിരിക്കുന്നു. പരലോക ജീവനവിതം വെറും കഥയായി മനസിലാക്കപ്പെടുന്നു. മരണശേഷമുള്ള ജീവിതത്തെ മനസ്സിലാക്കുന്നതേയില്ല. ഒരു കഥയാണ്, കെട്ടുകഥയാണ്, ഒന്നും ഉണ്ടായിരിക്കുകയില്ല എന്നാണ് മനസ്സിലാക്കുന്നത്. ഓരോ മനുഷ്യനും തന്റെ കർമാവസ്ഥകൊണ്ടു പറയുന്നത്, അവൻ ഏതൊരു ദൃഢവിശ്വാസമാണോ ഭൗതിക ലോകത്തിനും ഭൗതിക ശക്തികൾക്കും സ്ഥാനമാനങ്ങൾക്കും നല്കുന്നത് അല്ലെങ്കിൽ ഭൗതിക വസ്തുകളിൽ പ്രതീക്ഷ അർപ്പിക്കുന്നത്, അത്തരം ദൃഢവിശ്വാസവും പ്രതീക്ഷയും ഒരിക്കലും ദൈവത്തിനോടൊ പരലോകത്തിനോടൊ പുലർത്തുന്നില്ല എന്നാണ്. നാവുകളിലുള്ളത് വെറൊന്നാണ്. എന്നാൽ ഹൃദയങ്ങളിൽ ഭൗതികതയോടുള്ള സ്നേഹം അതിജയിച്ചിരിക്കുകയാണ്.' പറയുന്നു: 'യഹൂദികളിൽ അല്ലാഹുവിനോടുള്ള സ്നേഹം തണുത്ത് പോയപ്പോൾ അവരിൽ മസീഹ് വന്നു. ഇപ്പോൾ എന്റെ കാലഘട്ടത്തിലും ഇതേ അവസ്ഥ തന്നെയാണ്. അതുകൊണ്ടാണ് വിശ്വാസത്തിന്റെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനും ഹൃദയങ്ങളിൽ തഖ്വ സൃഷ്ടിക്കുന്നതിനും ഞാൻ അയക്കപ്പെട്ടിരിക്കുന്നത്.'(കിതാബുൽ ബരിയ്യ, റൂഹാനീ ഖസാഇൻ വാള്യം 13, പേജ് 291–293, അടിക്കുറിപ്പ്)

അതുകൊണ്ട് ഇന്ന് നമ്മുടെ ജോലി, നമ്മൾ ചെയ്ത ബയ്അത്തിന്റെ കടമ പൂർത്തിയാക്കിക്കൊണ്ട് അല്ലാഹുവിനോടുള്ള സ്നേഹത്തിൽ ഉയരുന്നതോടൊപ്പം തൗഹീദ് തങ്ങളുടെ ഹൃദയങ്ങളിൽ ദൃഢഗാഢമാക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള സ്നേഹത്തിന് എതിരിൽ ഭൗതിക ലോകത്തേയും അതിലെ ആനന്ദാനുഭൂതികളെയും അവഗണിക്കുക. അവിടെ നിങ്ങളുടെ അന്തരാളങ്ങളിൽ പരിശുദ്ധ മാറ്റത്തോടൊപ്പം ഈ സമൂഹത്തെയും അല്ലാഹുവിന്റെ സമീപത്തേക്ക് കൊണ്ട് വരുന്നതിന് പരിശ്രമിക്കുക. ഇന്ന് ലോകം അല്ലാഹുവിന്റെ അസ്തിത്വത്തെ വിശ്വസിക്കുന്നത് നിഷേധിക്കുന്നു. എല്ലാ വർഷവും വലിയ തോതിൽ ആളുകൾ അല്ലാഹുവിന്റെ അസ്തിത്വത്തെ നിഷേധിച്ച് കൊണ്ടേയിരിക്കുന്നു. മതങ്ങൾ ഉപേക്ഷിച്ചുകൊണ്ടിരിക്കുന്നു; ക്രിസ്തുമതസ്ഥരും മറ്റു മതസ്ഥരും; എന്നല്ല ചിലപ്പോൾ മുസ്ലിമീങ്ങളും.

അതുകൊണ്ട് ഈ ആളുകൾ നിഷേധിക്കുന്ന സാഹചര്യത്തിൽ അല്ലാഹുവിനോടുള്ള സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടാക്കുകയും ലോകത്തിന് അല്ലാഹുവിന്റെ അസ്തിത്വത്തിന്റെ യാഥാർഥ്യം മനസിലാക്കി കൊടുക്കുകയും ചെയ്യേണ്ടതാണ്. അപ്പോഴായിരിക്കും നമ്മൾ ഈ ജൽസയുടെ ലക്ഷ്യം പൂർത്തിയാക്കുന്നവരായി മാറുക. അപ്പോഴായിരിക്കും നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചെയ്ത ബയ്അത്തിന്റെ കടമകൾ പൂർത്തിയാക്കുന്നവരായി മാറുക. വെറും നമ്മുടെ ഉള്ളിൽ അല്ലാഹുവിനോടുള്ള സ്നേഹവും അവന്റെ റസൂലിനോടുള്ള സ്നേഹവും ഉണ്ടാക്കിയാൽ മാത്രംപോര. അത്രമാത്രം ജോലിയല്ല നമ്മുടേത്. മറിച്ച് ഇതിനെക്കാളുപരി നമുക്ക് ജോലിയുണ്ട്. നമ്മുടെ സന്താനങ്ങളുടെയും വരുംതലമുറയുടെയും ഹൃദയങ്ങളിൽ അല്ലാഹുവിനോടുള്ള സ്നേഹവും അവന്റെ റസൂലിനോടുള്ള സ്നേഹവും സൃഷ്ടിക്കുന്നതിന് നമ്മൾ പരമാവധി പരിശ്രമിക്കേണ്ടതാണ്. ഇപ്രകാരംതന്നെ ഞാൻ പറഞ്ഞതുപോലെ ലോകത്തിനും അല്ലാഹുവിന്റെ അസ്തിത്വത്തിന്റെ യാഥാർഥ്യം പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ബയ്അത്ത് ചെയ്തിട്ട്, അവിടത്തെ മിഷനേയും അവിടത്തെ ഉദ്ദേശ്യത്തേയും അഭിവൃദ്ധിപ്പെടുത്തേണ്ടതും നമ്മുടെയും ചുമതലയാണ്. അല്ലാഹു ഇതിനു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

ഈ ജൽസ ദിനങ്ങളിൽ സ്വന്തം ആരാധനയുടെ നിലവാരങ്ങളും ഉയർത്തുക. അതിൽ സുസ്ഥിരമായി ഇരിക്കുന്നതിനും പരിശ്രമിക്കുക. നമ്മൾ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം എപ്പോഴും വർധിപ്പിച്ചു കൊണ്ടിരിക്കുന്നവരാകട്ടെ. ഭൗതിക ലോകത്തിന്റെ ആസ്വാദനങ്ങളും ആഗ്രഹങ്ങളും നമ്മുടെമേൽ ഒരിക്കലും വലയം ചെയ്യാതിരിക്കട്ടെ. ഓർത്തുകൊള്ളുക! ഇത് അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ സാധിക്കുകയില്ല. അതിനാൽ അവന്റെ അനുഗ്രഹങ്ങൾ നേടിയെടുക്കുന്നതിന് ഒരുപാട് ദുആകളുടെ ആവശ്യമുണ്ട്. അതിലേക്കും വളരെ ശ്രദ്ധ നല്കേണ്ടതാണ്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

## *ത്യാഗസ്മരണ*

**റഹീമ ഗഫൂർ പഴയങ്ങാടി**

*(പഴയങ്ങാടി ജമാഅത്തിന് നൂറു വയസ് തികഞ്ഞതിന്റെ സ്മരണ)*

*തൂമന്ദഹാസത്തിൻ പൊൻപ്രഭവിതറി*
*നൂറിൻ നിറവിൽ നാം എത്തി നിൽപൂ*
*സത്യഖിലാഫത്തിൻ ഉജ്ജ്വല പാതയിൽ*
*സഞ്ചരിച്ചീടുന്നു........ മുന്നോട്ടു നാം.*

*മുൻഗാമികൾ ചെയ്ത ത്യാഗത്തിൻ മാതൃക*
*ഇന്നു നമുക്കായി മുമ്പിലുണ്ട്.*
*കഷ്ടതയേറെ സഹിച്ചവർ മുന്നേറി*
*ഈ ജമാഅത്തിനെ സ്ഥാപിച്ചിടാൻ.*

*ത്യാഗങ്ങളേറെ സഹിച്ച പിതാക്കളെ*
*ഓർത്തു  നമിച്ചിടാം ഈ ദിനത്തിൽ*
*കാരുണ്യ വാരുധേ നീ അവർക്കേകണേ*
*ജന്നത്തിലുന്നത സ്ഥാനമാനം.*

*പൂർവികർ തന്നുടെ മാതൃക പിൻപറ്റാൻ*
*ശക്തി പകരണേ ലോകനാഥാ....*
*ഈ ജമാഅത്തിനെ കാത്തുസൂക്ഷിച്ചിടാൻ*
*അഹ്മദി മക്കൾക്കു കെല്പേകണേ.*

*സത്യവും നീതിയും തുല്യമായി പാലിക്കാൻ*
*സർവേശാ നീ എന്നും കനിവേകണേ.*
*അല്ലാഹു തന്നുടെ സത്യമാം ദീനിനെ*
*എന്നും നിലനിറുത്തി പോറ്റു നാഥാ....*

*മക്കൾക്കു നേർവഴി കാട്ടീടുവാനായ്*
*എന്നും ദുആ ഇരക്കുന്നു നാഥാ.*
*ഇന്നിന്റെ സാരഥിയായവർക്കായി–*
*കാരുണ്യ വർഷം ചൊരിഞ്ഞീടണേ.*

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും**
**മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,**
**നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും**
**അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും**
**നിത്യവും ഖുർആൻ പാരായണം ചെയ്യാൻ**
**അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

# വിശുദ്ധഖുർആൻ

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

## (വാഗ്ദത്ത മഹ്ദീ മസീഹ്)

*(റിവ്യൂ ഓഫ് റിലീജ്യൻസ് എന്ന ഇംഗ്ലീഷ് മാസികയുടെ 2019 ആഗസ്റ്റു ലക്കത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ വിവർത്തനം. വിവർത്തകൻ: കെ.വി. ഹസ്സൻകോയ കോഴിക്കോട്)*

**(കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച)**

മറ്റു വാക്കുകളിൽ പറഞ്ഞാൽ, ആരുടെ പ്രകൃതി ഈ മാർഗദർശനത്തിനു യോജിച്ചതാണെന്നും ദൈവം അറിയുന്നുവോ അതിന്റെ ഉൾക്കാഴ്ചകളിൽ പുരോഗതി പ്രാപിക്കുന്നവരാരാണോ അവസാനം അവർക്ക് ഈ ഗ്രന്ഥം മാർഗദർശനം നൽകുന്നു. അവരിലേക്ക് ഈ ഗ്രന്ഥം എത്തുന്നു. അവരുടെ മരണത്തിനു മുമ്പേ ദൈവം അവരെ ഈ സന്മാർഗപാത പിന്തുടരാൻ പ്രാപ്തരാക്കുന്നു. അപ്രകാരം ദൈവത്തിന്റെ അറിവിൽ മാർഗദർശനം ചെയ്യപ്പെടാൻ അർഹരായവർക്കും സാത്വികതയുടെ ഗുണമുള്ളവർക്കും വിശുദ്ധഖുർആൻ മുഖേന മാർഗദർശനം നൽകപ്പെടുമെന്ന് സർവ്വശക്തനായ ദൈവം വളരെ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു.

തുടർന്നുവരുന്ന സൂക്തങ്ങൾ വിശദീകരണങ്ങൾ നല്കുകയും ഇപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അറിവിൽ, വിശ്വസിക്കാൻ സാധ്യതയുള്ളവർ ക്രമേണ വിശ്വാസം കൈക്കൊള്ളുകയും അതുപോലെ ദൈവത്തിന്റെ അറിവിൽ ഇസ്‌ലാം ആശ്ലേഷിക്കാനിടയില്ലാത്തവർ മാത്രം പുറത്താകുകയും ചെയ്യും. അവർക്ക് താക്കീത് നൽകിയാലും ഇല്ലെങ്കിലും അവർ വിശ്വസിക്കുകയില്ല. അവർ സാത്വികതയുടേയും ജ്ഞാനത്തിന്റേയും സമഗ്രഘട്ടത്തിൽ എത്തുകയില്ല.

അപ്രകാരം സർവ്വശക്തനായ അല്ലാഹുവിന്റെ വചനങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളത് വിശുദ്ധഖുർആനിന്റെ മാർഗദർശനത്തിൽനിന്ന് പ്രയോജനം നേടുന്നവർക്ക് മാത്രമേ മാർഗദർശനം ലഭിക്കുകയുള്ളൂവെന്നും ഞാനെന്ന ഭാവത്തിന്റെ അന്ധകാരത്താൽ വലയം ചെയ്യപ്പെട്ടവർക്ക് മാർഗദർശനം ലഭിക്കുകയില്ലെന്നുമാണ്...

വെളിപാട് ഗ്രന്ഥത്തിൽ എത്തിപ്പെടാൻ കഴിഞ്ഞിട്ടില്ലാത്തവരുടെ മോക്ഷത്തിന്റെ കാര്യം എന്താണെന്ന് ചോദിക്കപ്പെട്ടാൽ അതിന്റെ മറുപടിയെന്തെന്നാൽ അവർ പൂർണമായും കാടന്മാരും മനുഷ്യബുദ്ധിയില്ലാത്തവരുമാണെങ്കിൽ ഒരുവിധത്തിലും അവർ കണക്ക് ബോധിപ്പിക്കേണ്ടതില്ലെന്നാണ്. അവർ ബുദ്ധിഭ്രമം ബാധിച്ചവരുടെ വകുപ്പിൽപെടുന്നു. എന്നാൽ, ഒരുവിധം ബുദ്ധിയുള്ളവർ തങ്ങളുടെ ബുദ്ധിയുടെ നിലയനുസരിച്ച് കണക്ക് ബോധിപ്പിക്കേണ്ടിവരും. (ബറാഹീനെ അഹ്മദിയ്യാ, റൂഹാനീ ഖസാഇൻ, വാള്യം 1, പേജ് 198–203 അടിക്കുറിപ്പ്)

വിശുദ്ധഖുർആൻ അറേബ്യയിലും പേർഷ്യയിലും ഈജിപ്തിലും സിറിയയിലും ഇന്ത്യയിലും ചൈനയിലും അഫ്ഗാനിസ്ഥാനിലും കാശ്മീരിലും വിതച്ച ദൈവത്തിന്റെ ഏകത്വത്തിന്റെ വിത്തും അവയിൽ മിക്കയിടങ്ങളിലും നിന്ന് ബിംബാരാധനയും സൃഷ്ടിപൂജയും തുടച്ചുനീക്കിയതും ഒരു കാലഘട്ടത്തിലും തുല്യതയില്ലാത്തതാണ്. അതിനു വിപരീതമായി വേദങ്ങളിലേക്കു നോക്കിയാൽ ആര്യാവർത്തത്തിൽത്തന്നെ അവർക്ക് പരിഷ്കരണം വരുത്താൻ സാധിച്ചിട്ടില്ലെന്ന കാര്യം കണ്ടെത്താൻ സാധിക്കും (ചശ്മയെ മഅ്രിഫ, റൂഹാനീഖസാഇൻ, വാള്യം 23, പേജ് 77)

സദാസമയവും ജാഗ്രത പുലർത്തുക ദൈവികാധ്യാപനത്തിനും വിശുദ്ധഖുർആനിന്റെ മാർഗദർശനത്തിനുമെതിരിൽ ഒരു ചുവടുപോലും വയ്ക്കരുത്. ഞാൻ സത്യമായും പറയുന്നു: വിശുദ്ധഖുർആനിന്റെ 700 കല്പനകളിൽ ഒന്നിൽനിന്നെങ്കിലും ഒഴിഞ്ഞുമാറുന്ന ആൾ മോക്ഷത്തിന്റെ വാതിൽ സ്വന്തം കൈകൊണ്ട് അടയ്ക്കുകയാണ്. സത്യവും സമഗ്രവുമായ മോക്ഷത്തിന്റെ വഴികൾ തുറന്നുതന്നത് വിശുദ്ധ ഖുർആനാണ്. മറ്റെല്ലാം അതിന്റെ പ്രതിഫലനങ്ങളാണ്. അതുകൊണ്ട് ശ്രദ്ധയോടെ വിശുദ്ധ ഖുർആൻ പഠിക്കുക. നിങ്ങൾക്ക് മറ്റൊന്നിനോടുമില്ലാത്തവിധം സ്നേഹത്തോടെ അതിനെ പ്രിയപ്പെട്ടതായി കരുതുക. അല്ലാഹു എന്നോടു പറഞ്ഞിരിക്കുന്നു:

**അൽഖയ്റു കുല്ലുഹു ഫിൽ ഖുർആൻ**

എല്ലാ നന്മകളും വിശുദ്ധഖുർആനിലാണ്. ഇത് പൂർണമായും സത്യമാണ്. അതിനേക്കാൾ മറ്റൊന്നിനു മുൻഗണന നല്കുന്ന ആളുകളുടെ കാര്യം ദയനീയംതന്നെ. നിങ്ങളുടെ സമൃദ്ധിയുടെയും മോക്ഷത്തിന്റെയും ഉറവിടം വിശുദ്ധഖുർആനാണ്. വിശുദ്ധഖുർആൻ പൂർത്തീകരിച്ചുതരാത്ത നിങ്ങളുടെ മതപരമായ ഒരാവശ്യവും ഇല്ലതന്നെ. വിധിന്യായ ദിവസം വിശുദ്ധഖുർആൻ നിങ്ങളുടെ വിശ്വാസം ഉറപ്പിച്ചുതരികയോ നിരാകരിക്കുകയോ ചെയ്യും. നിങ്ങൾക്ക് മോക്ഷം നൽകുന്ന ഒരു ഗ്രന്ഥവും വിശുദ്ധഖുർആനല്ലാതെ മറ്റൊന്നും ആകാശത്തിനു കീഴിൽ ഇല്ല. വിശുദ്ധഖുർആൻ പോലുള്ള ഒരു ഗ്രന്ഥം നല്കുക വഴി അല്ലാഹു നിങ്ങൾക്ക് വലിയ ഔദാര്യമാണ് ചെയ്തിരിക്കുന്നത്. ഞാൻ നിങ്ങളോടും സത്യമായും പറയുന്നു, വിശുദ്ധ ഖുർആൻ പോലുള്ള ഒരു ഗ്രന്ഥം ക്രിസ്ത്യാനികൾക്ക് ഓതിക്കേൾപ്പിച്ചിരുന്നുവെങ്കിൽ അവർ നശിക്കുമായിരുന്നില്ല. നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന മാർഗദർശനത്തിന്റെ അനുഗ്രഹം തൗറാത്തിനു പകരം യഹൂദന്മാർക്ക് നല്കപ്പെട്ടിരുന്നുവെങ്കിൽ അവരിൽ ചില കക്ഷികൾ വിധിനാളിനെ നിഷേധിക്കുമായിരുന്നില്ല. അതിനാൽ നിങ്ങൾക്ക് നല്കിയിരിക്കുന്ന ഈ ഔദാര്യത്തെ വിലമതിക്കുക. ഇതൊരു പ്രിയങ്കരമായ അനുഗ്രഹമാണ്; മഹത്തായ ധനമാണ്. വിശുദ്ധഖുർആൻ വെളിപാടായി തുറക്കപ്പെട്ടിരുന്നില്ലെങ്കിൽ ഈ ലോകം ചീഞ്ഞുനാറിയ ഒരു മാംസപിണ്ഡംപോലെയാകുമായിരുന്നു. വിശുദ്ധഖുർആൻ എന്ന ഗ്രന്ഥത്തിനെതിരിലുള്ള മാർഗദർശനങ്ങൾ ഒന്നുമല്ലതന്നെ.' (കശ്തിയെനൂഹ്, റൂഹാനീ ഖസാഇൻ, വാള്യം 19, പേജ് 26–27)

എല്ലാവിധത്തിലുള്ള രചനാരീതിയുടെയും ശൈലിയുടെയും മികവും മനോഹാരിതയും കൂടാതെ വിശുദ്ധഖുർആൻ ജ്ഞാനത്തിന്റേയും യുക്തിബോധത്തിന്റേയും സംഗ്രഹമാണ്. യഥാർഥത്തിൽ ഖുർആനെ അനുധാവനം ചെയ്യുന്ന വ്യക്തി പുരോഗതി നേടുന്നു. ആന്തരിക വെളിച്ചവും മനോവിസ്തൃതിയും നേടുന്നു. ദൈവത്താൽ സ്വീകൃതനാവുന്നു. അവന്റെ സംബോധനക്കർഹനാകുന്നു. വിശുദ്ധഖുർആൻ അതിന്റെ അനുയായിൽ വെളിച്ചവും ഗോപ്യമായ അനുഗ്രഹവും പിന്തുണയും നല്കുന്നു. അത് മറ്റുള്ളവരിൽ ദൃശ്യമല്ല. അങ്ങനെയുള്ളവർക്ക് ദൈവത്തിൽ നിന്നുള്ള മധുരവും ആശ്വാസകരവുമായ വാക്ക് ലഭിക്കുന്നു. അതിന്റെ ഫലമായി ഓരോ നിമിഷവും കൂടുതൽ കൂടുതൽ സാക്ഷാൽക്കാരമുണ്ടാകുന്നു. വിശുദ്ധ ഖുർആനിനെ അനുധാവനം ചെയ്യുകയും നബി(സ)തിരുമേനിയെ അനുസരിക്കുകയും ചെയ്യുന്നതുമൂലം അവൻ ദൈവത്തിന്റെ പ്രത്യേക സ്നേഹത്തിനു പാത്രമാകുന്നു. അവന് ദൈവത്തിന്റെ സംതൃപ്തിയും ദയാവായ്പും ഉണ്ടാകുന്നു. അവനു മുമ്പേ കടന്നുപോയ പരിപൂർണ വിശ്വാസികൾക്ക് നല്കപ്പെട്ടതുപോലെ അനുഗ്രഹങ്ങൾ നല്കപ്പെടുന്നു. വാക്കുകളിൽ മാത്രമല്ല യഥാർഥ വസ്തുതപോലെ ഒരു പരിശുദ്ധ സ്നേഹധാര അയാളുടെ ഹൃദയത്തിൽ ഒഴുകുന്നു. അയാളുടെ തുറന്നഹൃദയത്തിൽ ദൈവവുമായുള്ള ബന്ധത്തിന്റെ അവസ്ഥയുണ്ടാകുന്നു. അയാൾക്കത് വാക്കുകളാലോ ഉദാഹരണം മുഖേനയോ വിവരിക്കാൻ സാധ്യമല്ല. ദൈവിക വെളിച്ചങ്ങൾ മഴപോലെ അയാളുടെ ആത്മാവിൽ വർഷിക്കുന്നതായി അയാൾ നിരീക്ഷിക്കുന്നു.

ആ വെളിച്ചങ്ങൾ അയാൾക്ക് മറഞ്ഞ ചില കാര്യങ്ങൾ വെളിപ്പെടുത്തുന്നരൂപത്തിൽ പ്രതിഫലിക്കുന്നു. ചിലപ്പോൾ അത് ജ്ഞാനത്തിന്റേയും ഉൾക്കാഴ്ചയുടേയും രൂപത്തിലും മറ്റു ചിലപ്പോൾ ഉന്നതമായ ധാർമികഗുണങ്ങളുടെ രൂപത്തിലും പ്രതിഫലിക്കുന്നു. വിശുദ്ധഖുർആനിന്റെ ഈ ഫലങ്ങൾ തുടർച്ചയായി ഉണ്ടാകുന്നു.

സത്യത്തിന്റെ സൂര്യൻ ഈ ലോകത്ത് നബി(സ)തിരുമേനിയുടെ രൂപത്തിൽ പ്രത്യക്ഷമായതു മുതൽ ആയിരക്കണക്കിനാളുകൾ അതിനുള്ള കഴിവും ശക്തിയുമുള്ളവർ ദൈവിക വചനത്തെ അനുധാവനം ചെയ്യുകയും നബി(സ)തി


**അല്ലാഹുവിന്റെ കലാം**

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

**കലാമുൽ ഇമാം:-**

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

രുമേനിയെ അനുസരിക്കുകയും ചെയ്തതു വഴി ഉന്നത ആത്മീയപദവികളിൽ എത്തിയിട്ടുണ്ട്. എത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അത് നാം മുകളിൽ വിവരിച്ചിട്ടുണ്ട്. സർവ്വശക്തനായ ദൈവം അത്തരം അനുഗ്രഹങ്ങൾ നിരന്തരമായി നല്കുകയും അവർക്കുവേണ്ടി പിന്തുണയും അനുഗ്രഹങ്ങളും പ്രകടിപ്പിക്കുകയും ചെയ്യുന്നു. വ്യക്തമായ കാഴ്ചയുള്ളവർ അവർ ദൈവത്താൽ സ്വീകരിക്കപ്പെട്ടവരാണെന്നു തിരിച്ചറിയുന്നു. അവർ ദൈവിക ദയാവായ്പിന്റെ മഹത്തായ തണലിലാണ് അവർ പ്രതാപവാനായ ദൈവത്തിന്റെ അനുഗ്രഹം ആസ്വദിക്കുന്നു. അസാധാരണമായ അനുഗ്രഹങ്ങളാൽ അവർ ആദരിക്കപ്പെടുന്നുവെന്നും നിരീക്ഷകർക്ക് വ്യക്തമായി കണ്ടെത്താൻ സാധിക്കുന്നു. അത്ഭുതകരമായ മുഅ്ജിസത്തുകൾ അവരിൽ ഉണ്ടാകുന്നു. ദൈവസ്നേഹത്തിന്റെ സുഗന്ധദ്രവ്യത്താൽ അവർ അനുഗ്രഹിക്കപ്പെടുന്നു. അവരിൽ ദൈവിക സ്വീകാര്യതയുടെ അഭിമാനം നിക്ഷിപ്തമായിരിക്കുന്നു. സർവ്വശക്തൻ അവരുടെ സംഘത്തേയും ശ്രദ്ധയേയും അവരുടെ തീരുമാനവും പ്രാർഥനയും അവരുടെ കാഴ്ചയും ധാർമികഗുണങ്ങളും അവരുടെ ജീവിതരീതിയും സംതൃപ്തിയും അവരുടെ കോപവും ഇഷ്ടാനിഷ്ടങ്ങളും അവരുടെ ചലനങ്ങളും വിശ്രമവും അവരുടെ സംഭാഷണവും നിശബ്ദതയും അവരുടെ അകവും പുറവും സുതാര്യമായ ഒരു സ്ഫടികക്കുപ്പിയിൽ അമൂല്യമായ സുഗന്ധദ്രവ്യം നിറച്ചതുപോലെ നിറയ്ക്കുന്നു.

ഈ സംഗതികളെല്ലാം നേടുന്നത് അവരുടെ കൂട്ടുകെട്ടിന്റെ അനുഗ്രഹവും ശ്രദ്ധയും സ്നേഹവും മുഖേനയാണ്. അത് ഏറ്റവും കഠിനമായ അച്ചടക്കം മുഖേന നേടാവുന്നതാണ്. അവരോടുള്ള സൗമനസ്യവും സദ്വിശ്വാസവും മുഖേന വിശ്വാസം വേറൊരു രീതി കൈക്കൊള്ളുന്നു. നല്ല ധാർമികഗുണങ്ങൾ പ്രകടിപ്പിക്കാനുള്ള ഒരു പുതുശക്തി അവർ നേടുന്നു. തന്നിഷ്ടവും അനുസരണക്കേടിനോടുള്ള ചായ്വും ഇല്ലാതാവാൻ തുടങ്ങുന്നു. സംതൃപ്തിയും മാധുരുവ്യം നേടുന്നു. ഒരാളുടെ കഴിവും ബന്ധത്തിന്റെ അളവുമനുസരിച്ച് വിശ്വാസം ഉയരത്തിൽ പൊങ്ങുന്നു. സ്നേഹവും ഇഷ്ടവും സ്വയം പ്രകടമാകുന്നു. ദൈവസ്മരണയിലുള്ള ആനന്ദം വർധിക്കുന്നു.

അവരുമായി കുറേക്കാലം ബന്ധം പുലർത്തിയാൽ തങ്ങളിലുള്ള വിശ്വാസശക്തിയും ധാർമികാവസ്ഥകളും ഐഹികവിരക്തിയും ദൈവത്തോടുള്ള ചായ്വും അവനോടുള്ള സ്നേഹവും അവന്റെ സൃഷ്ടികളോടുള്ള ദയയും അവരുടെ കൂറും സ്ഥൈര്യവും വർധിക്കുന്നതായി സമ്മതിക്കണം. ലോകത്ത് സമാനതയില്ലാത്ത വിധം ഒരു ഉന്നതസ്ഥാനത്ത് അവർ എത്തുന്നു. മറ്റുള്ളവരുമായി ബന്ധിക്കപ്പെട്ട ചങ്ങലകൾ നീക്കപ്പെട്ടതായും തങ്ങളുടെ കാലുകളും മനസ്സും മറ്റുള്ളവരിലേക്കെത്തുന്ന ഇടുങ്ങിയ അവസ്ഥയിൽനിന്നും നിർബന്ധാവസ്ഥയിൽനിന്നും ക്ഷീണത്തിൽനിന്നും താൻ വിമുക്തനായതായി തോന്നും. അവൻ ദൈവഭാഷണത്താൽ അനുഗ്രഹിക്കപ്പെടുകയും നിരന്തരമായ അഭിസംബോധനക്ക് അർഹരായിത്തീരുകയും ചെയ്യും. അവർ ദൈവത്തിലേക്കുള്ള ദിശയുടേയും മാർഗദർശനത്തിന്റേയും വഴിയാവും. അവർ പ്രതാപവാനും ഉന്നതനുമായ ദൈവത്തിന്റെ ഉൽകണ്ഠാകുലരായ സേവകരായിരിക്കും. അവരുടെ സ്വന്തം ശോഭ മറ്റുള്ളവരുടെ ഹൃദയങ്ങളെ പ്രകാശിതമാക്കും. വസന്തകാലത്തിന്റെ ആഗമനത്തോടെ സസ്യലതാദികൾ വളരുന്നതുപോലെ അവരുടെ ആഗമനത്തോടെ അനുസരണപ്രകൃതിയുള്ളവരും ഭാഗ്യവാന്മാരും ആഗ്രിക്കുന്നു; സൗഭാഗ്യത്തിനുള്ള അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ. അശ്രദ്ധ അകറ്റാനും പാപത്തിന്റെ ഇരുളിൽനിന്നും രക്ഷപ്പെടാനും അവർ ആഗ്രഹിക്കും. അനുസരണക്കേടിൽനിന്നും തിന്മയിൽനിന്നും അജ്ഞതയിൽനിന്നും അബോധാവസ്ഥയിൽനിന്നും അവർ വിട്ടുമാറും. അവരുടെ അനുഗൃഹീതകാലത്ത് പ്രകാശത്തിന്റെ വ്യാപനം ഉണ്ടാകുന്നു. ഓരോ വിശ്വാസിയും സത്യാന്വേഷിയും അവരുടെ വിശ്വാസത്തിന്റെ കരുത്തനുസരിച്ച് മതപരമായ ഒരു വികാസവും ഇഷ്ടവും കണ്ടെത്തുന്നു. അതിനു പ്രത്യേകിച്ചു കാരണമൊന്നുമുണ്ടാവില്ല. ചുരുക്കത്തിൽ പരിപൂർണ അനുബന്ധം മുഖേന അവൻ നേടിയെടുത്ത അനുഗ്രഹം മുഖേന ആ മൃദുവായ സുഗന്ധം ഓരോ ആത്മാർഥതയുള്ളവനും ആത്മാർഥതയുടെ തോതനുസരിച്ച് പ്രയോജനമുണ്ടാകുന്നു.

എന്നിരിക്കിലും ശാശ്വതമായ ദൗർഭാഗ്യവാന്മാരായ ആളുകൾ അതിന്റെ അംശം സ്വീകരിക്കുകയില്ലെന്നത് സത്യമാണ്. അവർ പകയിലും അസൂയയിലും ദൗർഭാഗ്യത്തിലും മുന്നേറുന്നു. അങ്ങനെ നരകത്തിൽ ആപതിക്കുന്നു. ഇതിനെ സംബന്ധിച്ച ദൈവിക പരാമർശം ഇങ്ങനെയാണ്.

*ഖത്തമല്ലാഹു അലാ ഖുലൂബിഹിം* (2:8) അല്ലാഹു അവരുടെ ഹൃദയങ്ങളിൽ മുദ്ര വെച്ചിരിക്കുന്നു.(ബറാഹീനെ അഹ്മദിയ്യ, റൂഹാനീഖസാഇൻ, വാല്യം 1, പേജ് 528–532, ഉപഅടിക്കുറിപ്പ്)


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

**രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.**
**വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.**

**1800 3010 2131**

**ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.**


## *സ്മരണാഞ്ജലി*

**എച്ച് എസ് കാവശ്ശേരി**

(മൗലാനാ മഹ്മൂദ് അഹ്മദിനെ ഓർത്ത് വിങ്ങുന്ന ഹൃദയത്തോടെ)

*ആത്മീയസാഗരത്തി–*
*ലാഴത്തിലൂളിയിട്ടും*
*ജ്ഞാനത്തിൽ മണിമുത്തു*
*രത്നങ്ങൾ ശേഖരിച്ചും*

*കാലത്തിൻ മസീഹിന്റെ*
*ജ്ഞാനപീയൂഷം നമ്മെ*
*ആസ്വദിപ്പിച്ച പ്രിയ*
*മിത്രം ഹാ മിഴി പൂട്ടി!*

*സത്യത്തിന്നെതിരികൾ–*
*ക്കെതിരിലെന്നും ധീര*
*യോദ്ധാവായ്ത്തന്നെ നില*
*കൊണ്ടതായ്കണ്ടു ഞങ്ങൾ*

*ഊണിലുമുറക്കിലും*
*മറ്റൊരു ചിന്ത നിന*
*ക്കുള്ളതായ് ഞങ്ങൾക്കെന്നും*
*തോന്നിയതില്ല സത്യം!*

*രാപ്പകൽ രണാങ്കണ*
*പാതയിലിറങ്ങുവാൻ*
*കോപ്പുകളൊരുക്കൂട്ടി*
*കാത്തുകാത്തിരുന്നു നീ*

*വാഗ്ദത്ത മസീഹിന്റെ*
*സിംഹ ഗർജനം നിന്നിൽ*
*മാറ്റൊലിക്കൊണ്ടീടവേ*
*കോൾമയിർക്കൊണ്ടു ഞങ്ങൾ*

*വന്ദ്യനാം പിതാവിൽ നി–*
*ന്നാവാഹിച്ചിരുന്നൊരാ*
*ദീനിയാം ജ്ഞാനസിദ്ധി*
*നിന്നിലുമൊഴുകവെ*

*ആത്മീയവിഹായസ്സിൻ*
*വീഥിയിലെന്നും ശുഭ*
*താരകമായിത്തന്നെ*
*തിളങ്ങിത്തെളിഞ്ഞു നീ!*

*ദീനിന്നായ് സമർപണം*
*ചെയ്യുവാൻ കഴിഞ്ഞതിൽ*
*ചാരിതാർഥ്യമാ മുഖ*
*ത്തന്ത്യമായ്ക്കണ്ടു ഞങ്ങൾ!*

*ഒത്തിരി തലമുറ–*
*ക്കോർക്കുവാൻമാത്രം കീർത്തി*
*ഇത്തിരക്കാലംകൊണ്ടേ–*
*യാർജിച്ച സഹോദരാ*

*ജന്നത്തും മഗ്ഫിറത്തും*
*എന്നെന്നും ലഭിക്കുവാൻ*
*വിങ്ങുന്ന ഹൃദയത്താ–*
*ലിരന്നീടുന്നു ഞങ്ങൾ*

**ഹദീഥുന്നബ്‌വി (സ):**

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല.***
***(സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

**കലാമുൽ ഇമാം:–**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

(പേജ് 2ൽനിന്ന്)

അതിഥികളെ സ്വാഗതം ചെയ്യാനുള്ള അവസരം കിട്ടിക്കൊണ്ടിരിക്കുന്നു. ഞാൻ അതിഥികളായ നിങ്ങൾക്കെല്ലാവർക്കും നന്ദി പറയുന്നു. ഖലീഫത്തുൽ മസീഹിന്റെ യാത്ര സുരക്ഷിതമായിരിക്കുന്നതിനും ദുആ ചെയ്യുന്നു. അല്ലാഹു അങ്ങയുടെമേൽ ധാരാളം കൃപചൊരിയുമാറാകട്ടെ.

ഞാനീ അവസരത്തിൽ അങ്ങയ്ക്ക് ഗവർണറിൽനിന്നുള്ള 'ഗവർണർ സൈറ്റേഷൻ' (Governor Citation) സമർപ്പിക്കാനാഗ്രഹിക്കുകയാണ്. അങ്ങനെ അദ്ദേഹം ഇംഗ്ലീഷിൽ എഴുതിയത് വായിച്ചുകേൾപ്പിച്ചു. അതിന്റെ തർജമ ഇപ്രകാരമാണ്.

"സ്വാഗതം! ഈ സംസ്ഥാനത്തിലെ വാസികൾക്കുവേണ്ടി ഈ വിളംബരം ചെയ്യുകയാണ്. ബയ്ത്തുസ്സമദ് മസ്ജിദിന്റെ ഉദ്ഘാടനാവസരത്തിൽ അങ്ങേയറ്റം വിനയത്തോടും സന്തോഷത്തോടുംകൂടി പറയട്ടെ മെരിലാന്റ് വാസികൾ നിങ്ങളുടെ കൂടെ ചേർന്ന് ഈ സന്തോഷാവസരത്തിൽ തങ്ങളുടെ ഹൃദയംങ്ഗമമായ വികാരങ്ങൾ പ്രകടിപ്പിക്കുകയാണ്. ഇപ്രകാരംതന്നെ ആശംസകൾ നേർന്നുകൊണ്ട് ഞാൻ ഈ 'ഗവർണർ സൈറ്റേഷൻ' സമർപിക്കുന്നു.

2018 ഒക്ടോബർ 20 (ഒപ്പ്)
ഗവർണർ ലാറി ഹോഗൻ,
(ലഫ്റ്റനന്റ് ഗവർണർ ബോഇഡർ ദർഫോർഡ്)
ജോൺ റാബുൻ സ്മിത്
(സെക്രട്ടറി ഓഫ് സെനറ്റ് )

☆ ഇതിനുശേഷം അമീർ ജമാഅത്ത് യു.എസ്.എ സാഹിബ് സാദ മിർസാ മഗ്ഫൂർ അഹ്മദ് സാഹിബ് വളരെ ഹ്രസ്വമായി ഹുദൂറിനെ പരിചയപ്പെടുത്തിക്കൊണ്ടു പറഞ്ഞു: 'സഹോദരി സഹോദരന്മാരേ! ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അഞ്ചാമത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് നമ്മുടെ ഇടയിൽ ഇരിക്കുന്നുവെന്നത് നമ്മെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം ആദരവുള്ള കാര്യമാണ്. നിങ്ങളെ വന്ന് സംബോധന ചെയ്യുന്നതിന് ഞാൻ ഹുദൂറിനോടു അപേക്ഷിക്കുകയാണ്. ഹുദൂറിന്റെ ഈ പ്രഭാഷണം 7 മണിക്ക് ആരംഭിച്ചു. ഹുദൂർ ഇംഗ്ലീഷിലാണ് സംസാരിച്ചത്. അതിന്റെ പരിഭാഷ ഇവിടെ രേഖപ്പെടുത്തുകയാണ്.

ഹുദൂർ തന്റെ പ്രസംഗം ആരംഭിച്ചത് ബിസ്മില്ലാഹിർ റഹ്മാനിർറഹീം എന്ന് ഓതിക്കൊണ്ടാണ്. ഹുദൂർ പറഞ്ഞു: *അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.* അല്ലാഹുവിന്റെ കാരുണ്യങ്ങളും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരുടേയുമേൽ വർഷിക്കുമാറാകട്ടെ. സമയം എടുത്ത് ഇന്ന് ഞങ്ങളോടൊപ്പം ഇവിടെ ഈ അവസരത്തിൽ വന്നു ചേർന്നിരിക്കുന്ന എല്ലാ അതിഥികൾക്കും ഏറ്റവുമാദ്യം ഞാൻ നന്ദി പറയുകയാണ്. മതകാര്യങ്ങളോടുള്ള താൽപര്യം അസ്തമിച്ചു കൊണ്ടിരിക്കുന്ന ഇക്കാലത്ത് നിങ്ങൾ ഒരു മതസംഘടനയുടെ പരിപാടിയിൽ പങ്കെടുക്കുക എന്നത് അഭിനന്ദനീയമാണ്. നിങ്ങൾ മുസ്ലിമീങ്ങളുടെ ഒരു പരിപാടിയിൽ പങ്കെടുക്കുന്നുവെന്നത്-ഇവിടെ ഒരു മസ്ജിദിന്റെ ഉൽഘാടനം നടക്കുകയാണ്, നിങ്ങളിൽ അധികംപേരും അമുസ്ലിമീങ്ങളാണ്, നിങ്ങൾക്കാണെങ്കിൽ മസ്ജിദിനോട് മതപരമായോ വികാരപരമായോ ബന്ധമൊട്ടും ഇല്ലതാനും നിങ്ങൾക്കെല്ലാവർക്കും തീർച്ചയായും അറിയാം ഇക്കാലത്ത് ഒരുപാടാളുകൾ ഇസ്ലാമിനേയും മുസ്ലിമീങ്ങളേയും ഭയക്കുന്നവരാണ്, ഇത്തരം സാഹചര്യമായിട്ടും നിങ്ങൾ ഇവിടെ വന്നത് തീർച്ചയായും പ്രശംസനീയമായ കാര്യമാണ്. ഇതെല്ലാം നിങ്ങൾക്ക് ഹൃദയംഗമമായ നന്ദി പറയാൻ എന്നെ നിർബന്ധിക്കുകയാണ്. നന്ദിയുടെ ഈ വികാരങ്ങൾ കേവലം സ്വഭാവപരമായിട്ടുള്ളതല്ല പ്രത്യുത ഇസ്ലാം എന്റെമേൽ അത് മതപരമായ ഒരു നിർബന്ധ കടമയാക്കിയിരിക്കുകയാണെന്ന് വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇസ്ലാമിന്റെ സ്ഥാപകർ ഹദ്റത്ത് മുഹമ്മദുനബി(സ) ഞങ്ങൾക്ക് നല്കിയിരിക്കുന്ന പാഠം 'ആരാണോ മനുഷ്യരോടു നന്ദി കാണിക്കാത്തത് അവൻ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല' എന്നാണ്. അതുകൊണ്ട് ഞാൻ നിങ്ങൾക്ക് ഹൃദയംഗമമായും ആത്മാർഥമായും നന്ദി പറയുക എന്നത് എന്റെ മതപരമായ നിർബന്ധ കടമയായി മനസ്സിലാക്കുന്നു.

ഇന്ന് ഇസ്ലാമിനെക്കുറിച്ച് കൂടുതൽ പഠിക്കുക എന്ന പ്രതീക്ഷയോടും ഞങ്ങൾ എന്തിന് ഈ മസ്ജിദ് നിർമിച്ചു എന്നറിയുന്നതിനും വേണ്ടിയും നിങ്ങൾ ഇവിടെ വന്നിരിക്കുന്നുവെന്നാണ് ഞാൻ വിചാരിക്കുന്നത്. ജനങ്ങൾ ഇസ്ലാമിനെക്കുറിച്ച് മീഡിയായിൽ കാണുകയും കേൾക്കുകയും ചെയ്യുന്നതുകൊണ്ട് ഇസ്ലാമിനെ കുറിച്ച് യാഥാർഥ്യം അറിയാൻ പരിശ്രമിക്കണമെന്ന ശ്രദ്ധയും ഉണ്ടായിട്ടുണ്ടാകാം. നമ്മൾ ഏതൊരു അന്തരീക്ഷത്തിലാണോ കഴിയുന്നത്, അതിൽ മസ്ജിദിനെ കുറിച്ച് ജനങ്ങളുടെ മനസ്സിലുണ്ടായിട്ടുള്ള ഭയവും ആശങ്കയും ചിന്താർഹമാണ്. ലോകത്ത് മുസ്ലിമീങ്ങളോടുള്ള ഭയം കൂടുന്നുണ്ടെന്നതിൽസംശയമൊന്നുമില്ല. മൊത്തമായ നിലയിൽ മുസ്ലിമീങ്ങൾ കുഴപ്പക്കാർ എന്നാണ് മനസ്സിലാക്കപ്പെടുന്നത്; പരസ്പരവും അന്യരുമായും സമാധാനത്തോടെ ജീവിക്കാൻ അവർക്കു കഴിയുകയില്ല. അപ്പോൾപ്പിന്നെ മസ്ജിദ് നിർമാണം കൂടുതൽ അസ്വസ്ഥതയും ഭയവും ഉണ്ടാക്കുന്നതായിരിക്കും. മസ്ജിദ് മുസ്ലിമീങ്ങളെ മറ്റു സമൂഹങ്ങളിൽനിന്ന് മാറ്റി നിറുത്തുന്ന ഒരു കേന്ദ്രമാക്കുമോ എന്ന് ധാരാളമാളുകൾ ഭയപ്പെടുന്നുണ്ട്. അങ്ങനെ തദ്ദേശവാസികളുടേയും നഗരത്തിന്റേയും രാജ്യത്തിന്റേയും സമാധാനത്തിനും ശാന്തിക്കും അത് അപകടകരമായിത്തീരുന്നതാണ്. അമുസ്ലിം ലോകത്ത് ഞാൻ നേരിട്ട് ഈ ഭയം കണ്ടിട്ടുള്ളതാണ്. ദൗർഭാഗ്യവശാൽ ഈ അസ്വസ്ഥതയും ഇസ്ലാമിനേയും മുസ്ലിമീങ്ങളേയും സംബന്ധിച്ചുള്ള സംശയങ്ങളും നിത്യവും വർധിച്ചുവരികയാണ്.(തുടരും)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 1ൽനിന്ന്)

'സിയർ'ൽ എഴുതിയിരിക്കുന്നു: അബുൽ ഹസൻ ഖിർഖാനിയുടെ അടുക്കൽ ഒരാൾ വന്നു. വഴിയിൽ അയാളൊരു സിംഹത്തെ കണ്ടു. അദ്ദേഹം പറഞ്ഞു: അല്ലാഹുവിനു വേണ്ടി എന്റെ പിന്നാലെ വരരുത്. സിംഹം അയാളെ ആക്രമിച്ചു. എന്നാൽ, അബുൽഹസനുവേണ്ടി വിടാൻ പറഞ്ഞപ്പോൾ അത് വിട്ടു. പ്രസ്തുത വ്യക്തിയുടെ ആ അവസ്ഥ കറുപ്പ് നിറംപോലെയായി. അദ്ദേഹം യാത്ര ഒഴിവാക്കി. തിരിച്ചു വന്ന് ഈ സംഭവം വിവരിച്ചു. അബുൽഹസൻ അയാൾക്കു മറുപടി നല്കി: ഇക്കാര്യം ദുഷ്കരമല്ല. അല്ലാഹുവിന്റെ പേരിനെക്കുറിച്ച് നിനക്ക് പരിചയമില്ലായിരുന്നു. അല്ലാഹുവിനോടുള്ള സത്യസന്ധമായ ഭയവും പ്രതാപവും നിന്റെ മനസ്സിലുണ്ടായിരുന്നില്ല. എന്നെ നിനക്ക് പരിചയമുണ്ടായിരുന്നു. അതുകൊണ്ട് എന്നോടുള്ള ആദരവും നിന്റെ മനസ്സിലുണ്ടായി. അല്ലാഹു എന്ന പദത്തിൽ വലിയ വലിയ അനുഗ്രഹങ്ങളും സവിശേഷ ഗുണങ്ങളുമുണ്ട്. സ്വന്തം മനസ്സിൽ അവന് ഇടം നല്കുകയും അവന്റെ പ്രതാപത്തിന് ചെവിയോർക്കുകയും ചെയ്യണമെന്നതാണ് നിബന്ധന.

ഇപ്രകാരംതന്നെ നബി(സ)തിരുമേനിയുടെ സ്വഭാവപരമായ ദിവ്യദൃഷ്ടാന്തങ്ങളിൽ മറ്റൊരു ദിവ്യദൃഷ്ടാന്തവുമുണ്ട്. നബി(സ)തിരുമേനിയുടെ പക്കൽ ഒരു കാലത്ത് ഒരുപാട് ആട്ടിൻപറ്റങ്ങളുണ്ടായിരുന്നു. ഇത്രയും സ്വത്ത് ഇതിനുമുമ്പേ താൻ ആരുടേയും കൈയിൽ കണ്ടിട്ടില്ലെന്ന് അയാൾ പറഞ്ഞു. നബി(സ)തിരുമേനി അവയെല്ലാം അയാൾക്കു കൊടുത്തു. അയാൾ ഉടനെ പറഞ്ഞു: സംശയമില്ല. അങ്ങ് സത്യവാനായ നബിതന്നെ. സത്യവാനായ നബിയ്ക്കല്ലാതെ ഇത്തരത്തിലുള്ള ദാനം മറ്റുള്ളവർക്കു ചെയ്യാൻ സാധിക്കുകയില്ല. ചുരുക്കത്തിൽ നബി(സ)തിരുമേനിയുടെ ഉൽകൃഷ്ട സ്വഭാവം എങ്ങനെയുള്ളതായിരുന്നുവെന്നാൽ *ഇന്നക്ക ലഅലാ ഖുലുഖിൻ അളീം*(68:5) എന്ന് വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നു.(മൽഫൂദാത്ത് വാല്യം 1, പേജ് 85-87, 2018 ഖാദിയാൻ)

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,
'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,
അടുത്തില, പഴയങ്ങാടി,
കണ്ണൂർ 670 303.
ismayeel.ha@gmail.com

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

# ജർമനിക്കൊരു ദൈവിക ദൃഷ്ടാന്തം

**സയ്യിദ് അമർ സഫീർ ലണ്ടൻ**
**വിവർത്തകൻ:കെ.വി.ഹസൻകോയ, കോഴിക്കോട്**

ഇസ്‌ലാം തങ്ങളുടെ സമൂഹവുമായി പൊരുത്തപ്പെട്ടു പോകില്ലെന്നാണ് ജർമൻ ജനതയിൽ മിക്കവാറും പകുതിയോളം ആളുകൾക്ക് തോന്നുന്നത്. ഇത് ഒരുമാസം നീണ്ടുനിന്ന സർവ്വെ അനുസരിച്ചുള്ള കണക്കാണ്. 472 ജർമനിക്കാർ ഇത് ഉറപ്പിച്ചുപറയുന്നു. വലതുപക്ഷ തീവ്രവാദി ഗ്രൂപ്പുകൾ ജർമൻ ഇന്റലിജൻസ് സർവ്വീസുമായി ചേർന്ന് ശക്തിപ്പെട്ടിരിക്കുന്നു. അവരുടെ കണക്കനുസരിച്ച് ഇപ്പോൾ രാജ്യത്ത് 24,100 വലതുപക്ഷ തീവ്രവാദികളുണ്ട്. ഇവരിൽ പകുതിയലധികം പേർ അക്രമസ്വഭാവമുള്ളവരായി തരംതിരിക്കപ്പെട്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ദി റിവ്യൂ ഓഫ് റിലീജിയൻസിന്റെ ജർമൻ പതിപ്പിന്റെ പുതിയ വെബ്‌സൈറ്റിന് അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമോന്നത നേതാവ് ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്‌മദ് (അയ്യദഹുല്ലാഹ്) ജർമനിയിലെ കാൾസ്‌റു പട്ടണത്തിൽനിന്ന് സമാരംഭിക്കുറിച്ചത്. ഇത് ജർമനിയിലെ 2019 വാർഷിക സമ്മേളനത്തിന്റെ ആദ്യദിവസമായിരുന്നു. ജർമൻഭാഷ സംസാരിക്കുന്നവർക്ക് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ എത്തിക്കലായിരുന്നു ഇതിന്റെ ഉദ്ദേശ്യം.

'ദി റിവ്യൂ ഓഫ് റിലീജ്യൻസി'ന്റെ ജർമൻ പതിപ്പ് ഔദ്യോഗികമായി ആരംഭിച്ചത് മൂന്നുവർഷം മുമ്പേയായിരുന്നു. അന്നുമുതൽതന്നെ ഒരു ത്രൈമാസ അച്ചടിപ്പതിപ്പും ജർമനിയിൽ വിതരണം ചെയ്തിട്ടുണ്ടായിരുന്നു. എന്നിരിക്കിലും പരിമിതമായ രീതിയിലായിരുന്നു അതിന്റെ പതിപ്പുകൾ ഉണ്ടായിരുന്നത്. അതുകൊണ്ട് ശ്രോതാക്കളും പരിമിതമായിരുന്നു. ദി റിവ്യൂ ഓഫ് റിലീജിയൻസിന്റെ പുതിയ വെബ്‌സൈറ്റ് ആരംഭിച്ചതോടെ ലോകമെമ്പാടുമുള്ള ജർമൻഭാഷ സംസാരിക്കുന്ന 100 മില്യൻ ജനങ്ങൾ ശ്രോതാക്കളായി. ജർമൻ പതിപ്പിന്റെ മാനേജരായ ഹസനത്ത് അഹ്‌മദ് തന്റെ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:

"സർവ്വസ്തുതിയും അല്ലാഹുവിനാകുന്നു. ഹുദൂർ (അയ്യദഹുല്ലാഹ്) പുതിയെ ജർമൻ പതിപ്പ് ആരംഭിച്ചത് നമ്മെ സംബന്ധിച്ചിടത്തോളം ഒരു ചരിത്ര നിമിഷമാണ്. ജർമൻ ശ്രോതാക്കൾക്ക് ഇസ്‌ലാമിന്റെ സന്ദേശം പരത്താൻ പുതിയ കവാടങ്ങൾ തുറക്കപ്പെട്ടിരിക്കുന്നു.'

ജർമൻ പതിപ്പിന്റെ മുഖ്യപത്രാധിപരായ അൻസ്വാർ ബിലാൽ പറഞ്ഞതിങ്ങനെയാണ്. 'സർവ്വശക്തനായ അല്ലാഹുവിനോടു ഞാൻ നന്ദിയുള്ളവനാണ്. ഹുദൂർ (അയ്യദഹുല്ലാഹ്) ഈ വെബ്‌സൈറ്റിന് തുടക്കം കുറിച്ചിരിക്കുന്നു. അതും അനുഗൃഹീതമായ വെള്ളിയാഴ്ച ദിവസം. ഹുദൂറിന്റെ മാർഗദർശനവും പ്രാർഥനകളും പുതിയ ഉയരങ്ങളിലെത്താൻ ഞങ്ങളെ അനുവദിക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു.'

മൂന്നുവർഷം മുമ്പേ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്‌മദ് (അയ്യദഹുല്ലാഹ്) ദി റിവ്യൂ ഓഫ് റിലീജിയൻസിന്റെ ജർമൻ പതിപ്പിന്റെ ബാഹ്യരൂപം അവതരിപ്പിച്ചു. ഇത് റിവ്യൂ ഓഫ് റിലീജിയൻസിന്റെ ആദ്യ വിദേശഭാഷാ പതിപ്പായിരുന്നു. അതിനുശേഷം ഫ്രഞ്ച്, സ്പാനിഷ് പതിപ്പുകളും പുറത്തിറക്കി. ഹുദൂർ (അയ്യദഹുല്ലാഹ്) അത് സ്ഥാപിക്കുന്നതിന് അടിത്തറ പാകാൻ എന്നോടു നിർദേശിച്ചു. ഇംഗ്ലീഷ് പതിപ്പിന്റെ അതേരീതിയിൽതന്നെ ജർമൻ പതിപ്പും നടക്കണമെന്നും നിർദേശിക്കുകയുണ്ടായി. ഇതിന്റെ സ്ഥാപകരായ ഹദ്‌റത്ത് മിർസാ ഗുലാം അഹ്‌മദ്(അ)ന്റെ യഥാർഥ ഉദ്ദേശ്യങ്ങളുടെ പ്രതിഫലനമാകണം ഈ മാസിക എന്നതായിരുന്നു സുപ്രധാനമായ കാര്യം.

അഹ്‌മദി മുസ്‌ലിമീങ്ങൾ ഹദ്‌റത്ത് മിർസാ ഗുലാം അഹ്‌മദ്(അ)നെ വാഗ്‌ദത്ത മസീഹും മഹ്‌ദിയുമായി വിശ്വസിക്കുന്നു. പ്രധാനപ്പെട്ട മതങ്ങളെല്ലാം അദ്ദേഹത്തിന്റെ ആഗമനത്തെക്കുറിച്ച് പ്രവചനം ചെയ്തിട്ടുണ്ട്. യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങൾ തിരിച്ചറിയാൻ സാധിക്കാത്ത വിധം വികലമാക്കപ്പെട്ട ഈ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ പുനരുജ്ജീവിപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം. അന്തിമ ദൈവിക നിയമമായ വിശുദ്ധഖുർആനിന്റെ പതാകയ്ക്കുകീഴിൽ എല്ലാ മതങ്ങളേയും ഒരുമിച്ചുകൂട്ടാൻ അദ്ദേഹം ആഗ്രഹിച്ചു. ഇന്ന് ചെയ്യപ്പെടുന്ന മതപരമായ യുദ്ധം അഥവാ ജിഹാദ് റദ്ദാക്കപ്പെടുകയും പകരം ജിഹാദിന്റെ അക്ഷരാർഥത്തിലുള്ള ആത്മസമരമാണ് ഇപ്പോൾ ആവശ്യമുള്ളതെന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു. ദൈവിക വെളിപാടു മുഖേന വിശുദ്ധഖുർആനിന്റെ പുതിയ അർഥതലങ്ങൾ ഹദ്‌റത്ത് അഹ്‌മദ്(അ) വിശദീകരിക്കുകയുണ്ടായി. ഇന്ന് മുസ്‌ലിം ലോകത്ത് അനുഷ്ഠിക്കപ്പെടുന്ന തെറ്റായ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ അദ്ദേഹം പരിശ്രമിക്കുകയും ചെയ്തു.

വാഗ്‌ദത്ത മസീഹ്(അ) പറഞ്ഞു: 'ഇസ്‌ലാംമതത്തിനനുകൂലമായ തൃപ്തികരവും ശക്തവുമായ വാദഗതികളും വിശുദ്ധജ്ഞാനവും എല്ലാ സത്യങ്ങളും എനിക്ക് വെളിപാടായി ഇറങ്ങിയ മനുഷ്യാത്മാവിനെ ശാന്തിയിലേക്ക് കൊണ്ടുവരാനുള്ള മാർഗങ്ങളും മുഖേന ഈ രാജ്യത്തിലെ അഭ്യസ്തവിദ്യരായവരും യൂറോപ്പിലെ സത്യാന്വേഷകരായ ആളുകൾ ഇതുവരെ പ്രയോജനം നേടിയിട്ടില്ലെന്ന വസ്തുത എന്നെ വല്ലാത്ത ആശങ്കയിലാക്കിയിരിക്കുന്നു. ശാരീരികവും മാനസികവുമായ ഈ വേദന സഹിക്കാൻ സാധിക്കാത്തവിധം അധികമായിരുന്നു. ഈ നശ്വരമായ ലോകത്തുനിന്ന് ഞാൻ വിടപറയുന്നതിനു മുമ്പേ എന്റെ ദൗത്യം പൂർത്തിയാക്കാൻ അല്ലാഹു ഇച്ഛിക്കുന്നു. എന്റെ അന്തിമയാത്ര നിരാശയുടേതായിരിക്കില്ല. മേൽപറഞ്ഞ ഉദ്ദേശ്യ സാക്ഷാൽക്കാരത്തിന് ഇസ്‌ലാമിനെ തുണച്ചുകൊണ്ട് ഞാനെഴുതിയ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ട് ഒരു ഇംഗ്ലീഷ് മാസിക ആരംഭിക്കണമെന്ന കാര്യത്തിലേക്ക് എന്റെ സുഹൃത്തുക്കൾ എന്റെ ശ്രദ്ധ തിരിച്ചിരിക്കുന്നു. (പരസ്യപ്പെടുത്തിയത്. മിർസാ ഗുലാം അഹ്‌മദ്(അ) മജ്‌മുഅ ഇശ്‌തിഹാറാത്ത് (സിയാഉൽ ഇസ്‌ലാം പ്രസ്സ്, ഖാദിയാൻ 1901 ജനവരി 15, വാള്യം 2, പേജ് 393-395 ശിർക്കത്തുൽ ഇസ്‌ലാമിയ്യാ, റബ്‌വ)

ഈ യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങൾ പ്രചരിപ്പിക്കാൻ ഹദ്‌റത്ത് അഹ്‌മദ്(അ) ഉണ്ടാക്കിയ നിരവധി മാർഗ്ഗങ്ങളിൽ ഒന്നായിരുന്നു ദി റിവ്യൂ ഓഫ് റിലീജിയൻസ്. പാശ്ചാത്യർക്കും അമുസ്‌ലിം ലോകത്തിനും ഈ അധ്യാപനങ്ങൾ എത്തിക്കാൻ സ്ഥാപിക്കപ്പെട്ടതായിരുന്നു ഈ മാസിക.

മൂന്ന് വർഷം മുമ്പേ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്‌മദ്(അയ്യദഹുല്ലാഹ്)ന്റെ മാർഗനിർദേശത്തിനു കീഴിൽ ജർമൻ പതിപ്പിന്റെ ചട്ടക്കൂട്, ടീം പ്രവർത്തനം, മാനേജ്‌മെന്റ് എന്നിവ സ്ഥാപിക്കാൻ ഞാൻ ജർമനിയിലേക്ക് അയക്കപ്പെട്ടു. ജർമൻ സംസാരിക്കുന്ന സമൂഹത്തിലെത്താൻ ഹുദൂർ (അയ്യദഹുല്ലാഹ്) പ്രത്യേകം താല്പര്യം കാണിച്ചു.

തുടക്കത്തിൽ ദി റിവ്യൂ ഓഫ് റിലീജ്യൻസ് എങ്ങനെ ജനപ്രീതിയാർജ്ജിക്കും എന്ന കാര്യത്തിൽ ചിലർ വളരെ വിഷമിച്ചിരുന്നു. ഇത് ജർമനിയിൽ വിജയപ്രദമാക്കാൻ സാധിക്കുമോ എന്ന കാര്യത്തിലും വിഷമമുണ്ടായിരുന്നു. ജർമൻകാർ ഈ മാസികയിൽ താല്പര്യം കാണിക്കുമോ? ജർമൻ പതിപ്പിന്റെ പുരോഗതിയിൽ താൻ കൈകൊണ്ട തീരുമാനത്തിൽ ഹുദൂറിന് (അയ്യദഹുല്ലാഹ്) ചാഞ്ചല്യമുണ്ടായിരുന്നില്ല. പല വശങ്ങളിലും ഹുദൂർ മാർഗദർശനം ചെയ്തു. ജർമൻ പതിപ്പ് വിജയമായിത്തീരുമെന്ന് ഹുദൂറിന്റെ മനസ്സിൽ സ്ഫടികസ്പഷ്ടമായ ദർശനം ഉണ്ടായിരുന്നു. നിരവധി അവസരങ്ങൾ ചിന്തയുടെ വ്യക്തതയ്ക്ക് സാക്ഷ്യം വഹിക്കുകയും ചെയ്തു.

ഹുദൂറിന്റെ നേരിട്ടുള്ള ഇടപെടലിന്റെയും പ്രാർഥനകളുടെയും ഫലമായി ജർമൻ പതിപ്പ് തുടങ്ങുന്നതിനു മുമ്പേ ഒരു ദിവസം ജർമനിയിലെ ഏറ്റവും വലിയ മാധ്യമ സംഘടനകളിലൊന്നായ ജർമൻ ഇഛഛയുടെ മാനേജിംഗ് ഡയറക്ടർ, കനഡയിലെ ടൊറന്റോയിൽവച്ച് ഒരു സമ്മേളനത്തിൽ എന്നെ സമീപിച്ചു. യൂറോപ്പിൽ മുഴുവനുമല്ലെങ്കിലും അദ്ദേഹം മാസികകളുടെ നിരയും ടിവി സ്റ്റേഷനുകളും മറ്റു മാധ്യമ കവാടങ്ങളും പരിശോധിക്കുന്ന ആളായിരുന്നു.

ഇവിടെ പ്രസ്താവയോഗ്യമായ കാര്യം ഹുദൂർ ദി റിവ്യൂ ഓഫ് റിലീജ്യൻസിന്റെ പ്രതിനിധിയായി എന്നെ സമ്മേളനത്തിലേക്കയച്ചുവെന്നതാണ്. ഈ സമ്മേളനത്തിൽ 500-ൽപരം മുതിർന്ന മാസികാപ്രതിനിധികൾ, പത്രാധിപന്മാർ, സി.ഇ.ഒ മാർ, അതുപോലെയുള്ളവർ ഒത്തുചേർന്നിരുന്നു. ലോകം മുഴുവനുമുള്ള ആളുകളിൽ Time, National Geographic, Economist എന്നിവയുടെ പ്രിനിധികളുമുണ്ടായിരുന്നു. അതെന്റെ ആദ്യത്തെ അനുഭവമായിരുന്നു. ഞാൻ വെള്ളത്തിനു പുറത്തിട്ട മത്സ്യം പോലെയായിരുന്നു. മിക്ക മുതിർന്ന മാധ്യമ പ്രൊഫഷനലുകളുമായി ഉറച്ചനിലയിൽ മുന്നേറാൻ എനിക്ക് സാധിച്ചില്ല. ശരിയായ നിലയിൽ അവരുമായി ബന്ധിപ്പിക്കാനും കഴിഞ്ഞില്ല. മിക്കവരും പരസ്പരം അറിഞ്ഞിരുന്നു. ഞാൻ അവർക്ക് തികച്ചും പുതിയ ആളായിരുന്നു. ഇത് വെറും യാദൃശ്ചികമല്ല. ഞാനുമായി ബന്ധപ്പെട്ട ആ മനുഷ്യൻ ഒരു ജർമൻകാരനായിരുന്നു. അദ്ദേഹം ജർമൻ പതിപ്പ് സ്ഥാപിക്കാൻ നമുക്ക് സഹായകരമായ ഉപദേശം നല്കുകയും പ്രധാനപ്പെട്ട പങ്കു വഹിക്കുകയും ചെയ്യുമെന്നു വിശ്വാസത്തിലേക്ക് എന്നെ നയിക്കുന്നു.

ദി റിവ്യൂ ഓഫ് റിലീജിയൻസിന്റെ ആശയം ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം വളരെ ആകർഷിക്കപ്പെട്ടു. ഞങ്ങൾ അതിന്റെ ജർമൻ പതിപ്പ് തുടങ്ങാൻ ആസൂത്രണം ചെയ്യുകയാണെന്ന് ഞാൻ അദ്ദേഹത്തോടു സൂചിപ്പിച്ചു. അത്ഭുതമെന്നു പറയട്ടെ, അദ്ദേഹം എന്നെ പ്രഭാത ഭക്ഷണം കഴിക്കാൻ ക്ഷണിച്ചു. സമ്മേളനത്തിന്റെ പിറ്റേ ദിവസമായിരുന്നു ഇത്. തനിക്ക് കൂടുതലായി സംസാരിക്കാനുണ്ടെന്നും പറഞ്ഞു. എന്റെ അനുഭവത്തിൽ മാധ്യമ വ്യവസായത്തിലുള്ള ഉന്നതനിലവാരത്തിലുള്ള ആളുകൾ അങ്ങേയറ്റം ജോലിത്തിരക്കുള്ളവരായിരുന്നു. ദീർഘ സമയം ചെലവഴിച്ചുകൊണ്ട് ഉപദേശം നല്കാനൊന്നും അവർക്ക് സമയമില്ല. എന്റെ അത്ഭുതത്തിന്റെ കാരണം അതായിരുന്നു.

എന്നിരിക്കിലും ഈ വ്യക്തി വളരെ ആത്മാർഥതയുള്ള ആളായിരുന്നു. അതാണ് ഈ വ്യവസായത്തിലുള്ള ആളുകളിൽനിന്ന് അദ്ദേഹത്തെ വേർതിരിച്ചു നിറുത്തിയത്. ഹുദൂറിന്റെ പ്രാർഥനയാണ് അയാളെ എന്റെയടുക്കൽ എത്തിച്ചത് എന്നതിൽ സംശയമില്ല. പിന്നെ ഒരു കൂടിക്കാഴ്ചക്ക് ഞാൻ ചോദിക്കുകപോലും ചെയ്തിട്ടില്ലായിരുന്നു. യഥാർഥത്തിൽ, ഞങ്ങൾ ഒരിക്കൽകൂടി കൂടിക്കാഴ്ച നടത്തണമെന്ന് അദ്ദേഹം നിർബന്ധിക്കുകയായിരുന്നു. അദ്ദേഹം ജർമനിയിലേക്ക് മടങ്ങുന്നതിനു മുമ്പേ പിറ്റേന്നു രാവിലെതന്നെ വന്നു. അദ്ദേഹം കാത്തുനില്ക്കുകപോലും ചെയ്തിട്ടില്ല. അദ്ദേഹത്തിന്റെ ആശയങ്ങൾ സമ്മേളന ദിവസംതന്നെ ചർച്ച ചെയ്യാൻ തുടങ്ങി.

പിറ്റേദിവസം ടൊറന്റോയിലെ നഗരമധ്യത്തിലുള്ള ടീം ഹോർട്ടൺസ് കോഫിഹൗസിൽ ഞങ്ങൾ പ്രഭാത ഭക്ഷണം കഴിച്ചു. ഉന്നത നിലയിലുള്ള സ്വാധീനശക്തിയുള്ള അദ്ദേഹം എന്നോടു പറഞ്ഞു:

'ഞാൻ മുമ്പേയൊരിക്കലും ദി റിവ്യൂ ഓഫ് റിലീജ്യൻസ് പോലുള്ള ഒന്നും കണ്ടിട്ടില്ല. ഈ ആശയം വളരെ നിസ്തുലമാണ്. എന്നെ വല്ലാതെ ആകർഷിക്കുന്ന എന്തോ ഒന്ന് അതിലുണ്ട്. ഞാൻ താങ്കളോട് എന്താണ് സംസാരിക്കുന്നത് എന്ന കാര്യത്തിൽ ബിസിനസ്സുമായി ബന്ധപ്പെട്ട ഒന്നുമില്ല. ഞാൻ മുമ്പേതന്നെ ജീവിതത്തിൽ വളരെയധികം നേടിയിട്ടുണ്ട്. ഇക്കാര്യത്തിൽ താങ്കളിൽനിന്ന് എനിക്ക് കൂടുതലായി ഒന്നും നേടാനുമില്ല. എന്നിരിക്കിലും ദി റിവ്യൂ ഓഫ് റിലീജ്യൻസിനെ സംബന്ധിച്ച എന്തോ ഒന്ന് എന്നെ രഹസ്യ സ്വാധീനം ചെലുത്തുന്നുണ്ട്. തികച്ചും വ്യക്തിപ

EDITOR
H.Shamsuddin
Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 31 October 2019 Issue-44

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

രമായ അടിസ്ഥാനത്തിൽ ജർമൻപതിപ്പുമായി എനിക്കെങ്ങനെയാണ് സഹായിക്കാൻ സാധിക്കുമെന്നു നോക്കാം.'

ഞാൻ ലണ്ടനിൽ തിരിച്ചെത്തിയപ്പോൾ ഹുദൂറിനോട് അദ്ദേഹത്തെക്കുറിച്ച് പറയുകയും ജർമൻ പതിപ്പിന് അദ്ദേഹം സഹായവാഗ്ദാനം നല്കിയതായി അറിയിക്കുകയും ചെയ്തു. ഹുദൂർ വളരെ സംതൃപ്തി പ്രകടിപ്പിക്കുകയും അദ്ദേഹത്തോടൊപ്പം ജർമൻ പതിപ്പിന്റെ ടീമംഗങ്ങളെയും ചേർത്തു യോഗം വിളിക്കാൻ നിർദേശിക്കുകയും ചെയ്തു. അതുപോലെ ജർമനിയിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ദേശീയാധ്യക്ഷനായ അബ്ദുല്ലാ വാഗെയ്സറെയേയും പങ്കെടുപ്പിക്കാൻ നിർദേശിച്ചു.

ആ വ്യക്തിയ്ക്ക് ഞാൻ ഇമെയിൽ അയച്ചു. അദ്ദേഹം തന്റെ ബാക്കി പ്രവൃത്തിയെല്ലാം മാറ്റിവെച്ച് ഒരു മുഴുവൻ ദിവസവും ഞങ്ങളുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണെന്നു പറഞ്ഞപ്പോൾ ഞാൻ ഞെട്ടിപ്പോയി. ജർമൻ പതിപ്പിന്റെ മാനേജർ, പത്രാധിപർ, ജർമനി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ദേശീയാധ്യക്ഷൻ എന്നിവരോടൊപ്പം ഞങ്ങൾ 4 മണിക്കൂർ യാത്ര ചെയ്തു ഫ്രാങ്ക്ഫർട്ടിൽനിന്ന് മ്യൂനിക്കിലേക്പോയി. അവിടുത്തെ ഒരു റസ്റ്റാറന്റിൽ അനവധി മണിക്കൂറുകൾ വിശദമായ ഉൾക്കാഴ്ചയുള്ള പ്രായോഗികമായ ഉപദേശം കിട്ടി. ദി റിവ്യൂ ഓഫ് റിലീജ്യൻസ് എങ്ങനെ ജർമനിയിൽ വിജയപ്രദമാക്കാം എന്ന ചോദ്യങ്ങൾക്ക് മറുപടി നല്കി.

പിന്നീട് സമയാസമയങ്ങളിൽ ഞങ്ങൾ ആശയവിനിമയം നടത്തുകയും ചെയ്തു. അദ്ദേഹത്തെ എപ്പോഴും ലഭ്യമായിരുന്നു. ജർമൻ പതിപ്പിന്റെ വ്യത്യസ്ത വിഷയങ്ങളെക്കുറിച്ച് അഗാധമായ ഉൾക്കാഴ്ചയുള്ള കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. ഞങ്ങളെ സഹായിക്കാൻ അദ്ദേഹം വികാരാവേശം കൊണ്ടു. ഒരിക്കൽ ഞാൻ അദ്ദേഹത്തെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. ഞാൻ താങ്കളുടെ മാസിക ഇന്ന ആൾക്ക് (മാസിക വ്യവസായത്തിൽ വളരെ വിദഗ്ദ്ധനായ അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ) ഫീഡ്ബാക്ക് കിട്ടാൻ വേണ്ടിയായിരുന്നു ശ്രമിച്ചിരുന്നത്. കിട്ടിയതെല്ലാംവച്ച് അദ്ദേഹം ബാഹ്യരേഖയുണ്ടാക്കാൻ തുടങ്ങി.

ഞാൻ ഉപസംഹരിക്കുകയാണ്. ഒരിക്കൽ ഞാൻ ബന്ധപ്പെട്ടപ്പോൾ പറഞ്ഞു: 'എനിക്ക് തോന്നുന്നത് ജർമനിയിലെ ജനങ്ങൾ ദൈവശാസ്ത്രം കേൾക്കാൻ മാത്രം ഇഷ്ടപ്പെടുന്നില്ല എന്നാണ്. എന്നാൽ, മുസ്‌ലിമീങ്ങളുടെ സാംസ്കാരിക വശങ്ങളെക്കുറിച്ച് അറിയാൻ താല്പര്യമുണ്ട്. അവരെങ്ങനെ തിന്നുന്നു, ഉറങ്ങുന്നു, നടക്കുന്നു, ജീവിക്കുന്നു. ഈ കാര്യങ്ങൾ ജർമൻകാരിൽ താല്പര്യമുളവാക്കുന്നുണ്ട്.

രസകരമെന്നു പറയട്ടെ, ഇതെല്ലാം പ്രതിഫലിക്കുന്ന ഉപദേശങ്ങൾ ഹുദൂർ എനിക്ക് നല്കിയിട്ടുള്ളതായിരുന്നു. ശരിക്കും ഇതെല്ലാം കുറച്ചുകാലങ്ങൾക്കു മുമ്പേ ഞാൻ അദ്ദേഹത്തോടു പറഞ്ഞ കാര്യങ്ങളാണ്. പല കാര്യങ്ങളിലും ഹുദൂർ(അയ്യദഹുല്ലാഹ്) നൂതനവും ക്രിയാത്മകവും സേവനപരവുമായ ഉൾക്കാഴ്ചയുള്ളയാളാണ്. ഞാൻ കേട്ട ഉപദേശങ്ങളിലധികവും ഹുദൂർ (അയ്യദഹുല്ലാഹ്) എനിക്ക് മുമ്പേ നല്കിയിരുന്നതാണ്. വ്യവസായത്തിന്റെ ഉന്നതനിലയിലുള്ള ആളുകൾ നല്കുന്ന ഉപദേശങ്ങളായിരുന്നു അവ.

ഞാൻ ഹുദൂറിന്റെ ആഫീസിൽ Time, National Geographic, Foreign Affairs, Scientific American എന്നീ പ്രസിദ്ധീകരണങ്ങൾ കണ്ടിട്ടുണ്ട്. പലപ്പോഴും ഹുദൂർ പ്രത്യേക മാസികകൾ വായിക്കാറുണ്ട്. അതിലെ ആശയങ്ങൾ മറ്റു മാസികകളുമായി പരാമർശിക്കാറുണ്ട്. ദി റിവ്യൂ ഓഫ് റിലീജ്യൻസിന് നമ്മുടേതായ മൂല്യങ്ങളുണ്ടെന്നും അവ നമ്മൾ നിലനിറുത്തുമെന്നുമാണ് എപ്പോഴും പറഞ്ഞിട്ടുള്ളത്. നമ്മുടെ ഏറ്റവും പുതിയ പദ്ധതി 2011- ലാണ് ഹുദൂർ സമാരംഭിച്ചത്. അതിന് അടിസ്ഥാനമാക്കിയത് ഹുദൂർ തന്റെ ഡസ്ക്കിൽ വച്ച മാസികകളുടെ ഒരു നിര തന്നെയായിരുന്നു. ഹുദൂർ നിശ്ചിതമായ വശങ്ങളെക്കുറിച്ച് അതായത് അക്ഷരത്തിന്റെ വലുപ്പം, കോളത്തിന്റെ വിധം, ഉള്ളടക്കത്തെ കുറിച്ചുള്ള ന്യായീകരണം എന്നിവയിൽ എനിക്ക് മാർഗദർശനം നല്കി. നമ്മുടെ മാസികയുടെ വ്യവസ്ഥക്കുള്ളിൽത്തന്നെ പ്രത്യക്ഷത്തിൽ നിരൂപണം നടത്താവുന്നതും വിപുലമായി എത്തുന്നതുമായ ഒരു രീതി സ്ഥാപിക്കാൻ ഹുദൂർ എനിക്ക് മാർഗദർശനം നല്കി. പലപ്പോഴും ഹുദൂർ നിരൂപണം നടത്തുന്ന ആളുകളുടെ പേരുകൾ എനിക്കുവേണ്ടി എഴുതുമായിരുന്നു. അവർ ഈ രംഗത്തെ വിദഗ്ദ്ധരായവരാണ്. അവർ നിരൂപണങ്ങളുടെ ലേഖനങ്ങൾ അയച്ചുതരും. ഹുദൂർ ആശയങ്ങളേയും ഇതിവൃത്തങ്ങളേയും സമീപനത്തെയും കുറിച്ച് മാർഗദർശനം നല്കും.

(തുടരും)

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

# ഓസ്‌ലോയിൽ (നോർവെ) കൾച്ചറൽ ഡേ

അഹ്മദിയ്യാ മസ്ജിദ് ബയ്ത്തുന്നസ്വ്ർ ഓസലോയിലെ (നോർവെ) മനോഹരമായ കെട്ടിടത്തെ നഗരത്തിന്റെ കൾച്ചറൽ വകുപ്പ് ഇവിടുത്തെ സാംസ്കാരിക പൈതൃകങ്ങളിൽ ഉൾപ്പെടുത്തി ഒരു പ്രത്യേക സ്ഥാനം നൽകിയിരിക്കുന്നു. ഇതിനോടനുബന്ധിച്ച് 2019 സെപ്തംബർ 13ന് മസ്ജിദിൽ കൾച്ചറൽ ഡേ സംഘടിപ്പിച്ചു.

രാവിലെ 10 മണി മുതൽ രാത്രി 10 മണി വരെ തദ്ദേശവാസികൾ വ്യക്തിപരമായും കുടുംബപരമായും സംഘപരമായും മസ്ജിദിൽ വന്നിരുന്നു. നോർവെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അവർക്ക് ഊഷ്മളമായ വരവേൽപ് നൽകി. ചായ, കാപ്പി, ഭക്ഷണത്തിനുള്ള ഏർപ്പാടുകളും ചെയ്തിരുന്നു.

മുൻ അമീർ നൂർ അഹ്മദ് ബൂൻസ്നാദ് സാഹിബ് ഇടവിട്ടിടവിട്ട് പ്രസംഗിച്ചുകൊണ്ടിരുന്നു. അദ്ദേഹം പ്രൊജക്ടറിന്റെ സഹായത്താൽ ചിത്രങ്ങൾ കാണിച്ചുകൊണ്ട് മസ്ജിദ് നിർമാണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പങ്കെടുത്തവർക്ക് വിവരിച്ചുകൊടുത്തു. ലോകത്തിലെ വിവിധ ഭാഗങ്ങളിൽ വലിയ വലിയ മസ്ജിദുകൾ തയ്യാറാക്കപ്പെട്ടിട്ടുണ്ട്. അവയിൽ നല്ലനല്ല കൊത്തുപണികളും കലാവിരുതുകളും നടന്നിട്ടുണ്ട്. പക്ഷേ, അതിനെതിരിൽ അഹ്മദിയ്യാ ജമാഅത്തിന്റെ മസ്ജിദുകൾ, മസ്ജിദ് നബ്‌വിയെ അനുകരിച്ച് ലളിതമായ നിലയിലാണ് നിർമിക്കപ്പെടുന്നത്. അവയുടെ ഭിത്തികളിൽ ഒരു ചിത്രവേലകളും നടത്താറില്ല. ആരാധന നടത്തുക എന്ന ഉദ്ദേശ്യത്തോടെ മാത്രമാണ് അവ നിർമിക്കപ്പെടുന്നത്.

അതിനോടൊപ്പം ഒരു പ്രദർശനവും ഏർപാട് ചെയ്തിരുന്നു. ഇതിൽ നിർമാണപ്രവൃത്തികൾ ഉദ്ധരിച്ച് വിവിധ രാജ്യങ്ങളിലെ മസ്ജിദുകളുടെ കെട്ടിടങ്ങൾ കാണിക്കപ്പെട്ടു. ഗ്രന്ഥങ്ങളും മാഗസിനുകളും പ്രദർശിപ്പിക്കപ്പെട്ടിരുന്നു. അത് വിവിധ കാ ലഘട്ടങ്ങളിൽ തയ്യാറാക്കപ്പെട്ടവയാണ്. ഒരു ബോർഡിൽ അഹ്മദിയ്യാ മസ്ജിദുകളുടേയും മറ്റു പ്രധാനപ്പെട്ട കെട്ടിടങ്ങളുള്ള മസ്ജിദുകളുടേയും ചിത്രങ്ങൾ പതിച്ചിരുന്നു.

നോർവെ നാഇബ് അമീറും മുബല്ലിഗ് ഇൻചാർജുമായ ശാഹിദ് മഹ്മൂദ് കാഹിലോ സാഹിബും നാഷണൽ സെക്രട്ടറി തബ്‌ലീഗ് ഫയ്സ്വൽ സുഹയ്ൽ സാഹിബും സദാസമയവും അതിഥികളുമായി സംസാരിച്ചുകൊണ്ടിരുന്നു. അവർക്ക് മസ്ജിദിന്റെ വിവിധ ഭാഗങ്ങൾ കാണിച്ചുകൊടുക്കുകയും ഇസ്‌ലാം അഹ്മദിയ്യത്തിനെ പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. ലജനയിലെ രണ്ടംഗങ്ങളും സ്ഥിരമായി ഡ്യൂട്ടിയിലുണ്ടായിരുന്നു. സംഘമായി വരുന്ന സ്ത്രീകളേയും വ്യക്തിഗതമായി വരുന്ന സ്ത്രീകളേയും അതിഥികളേയും മസ്ജിദും അതിനോടു ചേർന്നുള്ള ഓഫീസുകളും കാണിച്ചുകൊടുത്തുകൊണ്ടിരുന്നു.

മൊത്തത്തിൽ ഈ പരിപാടി വളരെ നല്ലതായിരുന്നു. പകൽ മുഴുവൻ അതിഥികൾ വന്നുപോയുമിരുന്നു. ഈ മാർഗത്തിലൂടെ മസ്ജിദ് ബയ്ത്തുന്നസ്വ്‌റിന്റേയും അഹ്മദിയ്യാ ജമാഅത്തിന്റേയും വിവരങ്ങൾ തദ്ദേശവാസികൾ(നോർവീജിയൻ) വരെ എത്തി. അല്ലാഹു ഈ ശ്രമങ്ങളിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ. ആമീൻ. (റിപ്പോർട്ട് മുനീർ അബ്ദുസ്സലാം, പ്രതിനിധി അൽ ഫള്ൽ ഇന്റർനാഷണൽ നോർവെ)

# ടൻസാനിയായിലെ കിജിയുൻഗെനിയിൽ പുതിയ ജമാഅത്തിന്റെ രൂപീകരണം

ടൻസാനിയായുടെ തെക്കുള്ള റുഉമാ റീജ്യണിൽ തബ്‌ലീഗ് പ്രവർത്തനം ശക്തമായി നിലയിൽ നടന്നുവരുന്നു. കൃത്യമായ ടീം വർക്കോടുകൂടി മുഅല്ലിമീൻ ഇതിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നു. ഈ ഗ്രാമത്തിലെ പ്രൈമറിസ്കൂളിൽ ഒരു അഹ്മദി സുഹൃത്ത് പഠിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ക്ഷണമനുസരിച്ച് നമ്മുടെ ടീം അവിടെ എത്തി. കുറച്ചു യുവാക്കൾക്ക് ജമാഅത്തിനെ കുറിച്ച് പറഞ്ഞുകൊടുത്തു. അവരുടെ ചോദ്യങ്ങൾക്ക് മറുപടി നല്കി. ആ ദിവസം ബയ്അത്തൊന്നും നടന്നില്ല. പക്ഷേ, അടുത്ത പരിപാടിയിൽ ദൈകൃപയാൽ 15 ബയ്അത്ത് നടന്നു. ഇപ്രകാരം അവിടെ കൂടുതൽ സൗഭാഗ്യരായ ആത്മാക്കൾക്ക് സന്ദേശം എത്തിക്കാൻ കഴിഞ്ഞു. ഇതുവരെ ആ ഗ്രാമത്തിൽ 37 ബയ്അത്ത് നടന്നു കഴിഞ്ഞു.

നവഅഹ്മദികൾ ഈമാനിലും ഇഖ്‌ലാസിലും ശക്തിപ്രാപിക്കുന്നു. അവർ 'സ്വന്തം സഹായം സ്വന്തം ചുവട്ടിൽ' എന്നതനുസരിച്ച് മസ്ജിദിന്റെ ഏർപാടും ചെയ്തു. ഒരു നവഅഹ്മദി സുഹൃത്ത് മസ്ജിദിനുള്ള സ്ഥലം നല്കി. മറ്റുള്ളവർ വനത്തിൽനിന്ന് മരങ്ങളും പുല്ലും മുറിച്ചു കൊണ്ടുവന്നു. ഇപ്രകാരം ഇവിടെ ജമാഅത്തായ നമസ്കാരത്തിനും ജുമുഅ നമസ്കാരത്തിനുമുള്ള സൗകര്യം ഒരുങ്ങി. ഇവരുടെ ഈ വികാരപരമായ ആവേശം കണ്ട് ടൻസാനിയ അമീറും മിഷണറി ഇൻചാർജുമായ സാഹിബിന്റെ സമ്മതത്തോടെ ഈ ഗ്രാമത്തിൽ ഒരു അഹ്മദി സുഹൃത്തിനെ ദാഈ ഇലല്ലാഹ് എന്ന നിലയിൽ നിയമിച്ചിരിക്കുന്നു. അദ്ദേഹം പ്രബോധനപരിപാടിയോടൊപ്പം തർബിയ്യത്തു കാര്യങ്ങളും ശ്രദ്ധിച്ചുവരുന്നു. കുട്ടികൾക്കുള്ള തഅ്ലീം തർബിയ്യത്തിന്റെ ക്ലാസുകളും നടന്നു വരുന്നുണ്ട്. യുവാക്കളുടെ ശാരീരികമായ വ്യായാമത്തിന് ഫുട്ട്ബോൾ കളിക്കുന്നതിനുള്ള സംവിധാനവും ചെയ്തിട്ടുണ്ട്. കളിയിലൂടെ അഹ്മദി യുവാക്കളുടെ തർബിയ്യത്തിനോടൊപ്പം അനഹ്മദി യുവാക്കളുമായി തബ്‌ലീഗ്പരമായ ബന്ധവും സുഗമമായി ഉണ്ടാകുന്നുണ്ട്. അല്ലാഹു ഈ നവ ജമാഅത്തിനെ തന്റെ തണലിൽ വെക്കുമാറാകട്ടെ.(റിപ്പോർട്ട്:നദീം അഹ്മദ് സഈദ്, റീജ്യണൽ മിഷണറി Ruvuma, ടൻസാനിയ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin